# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## അരുവിക്കര ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെഎസ്എ.റ്റിവിഎം/ജിപി.7/1580/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 16/11/2023
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
അരുവിക്കര ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : അരുവിക്കര ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അരുവിക്കര ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെഎസ്എ.റ്റിവിഎം/ജിപി.7/1580/2023 തീയ്യതി: 16/11/2023

## തിരുവനന്തപുരം ജില്ലയിലെ അരുവിക്കര ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ അരുവിക്കര ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 34 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 26 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ശ്രീജ.കെ | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.) | 23-09-2023 | 05-10-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 23-09-2023 | 05-10-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി സിന്ധുലാബീവി.എം, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീ.അനിൽ കുമാർ.ആർ, അസി. ഓഡിറ്റ് ഓഫീസർ
ശ്രീ.ജോസ്.ഡബ്ളിയു, അസി.ഓഡിറ്റ് ഓഫീസർ
ശ്രീ.രഞ്ജിത്ത്.സി, ഓഡിറ്റർ.

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.കളത്തറ മധു | പ്രസിഡന്റ് | 01-04-2022 | 31-01-2023 |
| ശ്രീമതി ആർ. കല | പ്രസിഡന്റ് | 01-02-2023 | 31-03-2023 |
| ശ്രീ.ഷിബു പ്രണാബ്.ആർ.എസ് | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ദീപ .ഐ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 02-10-2022 |
| ശ്രീമതി റാണി .എസ് | അസിസ്റ്റന്റ് സെക്രട്ടറി | 03-10-2022 | 31-03-2023 |
| ഡോ.അഞ്ചുമിറിയം ജോൺ | മെഡിക്കൽ ഓഫീസർ (ഇൻ ചാർജ്ജ്) അലോപ്പതി | 01-04-2022 | 10-05-2022 |
| ഡോ. ജാസ്മിൻ .എസ്.എം | മെഡിക്കൽ ഓഫീസർ (ഇൻ ചാർജ്ജ്) അലോപ്പതി | 11-05-2022 | 31-03-2023 |
| ശ്രീമതി സൗമ്യ റാണി.ആർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 08-05-2022 |
| ശ്രീമതി നയൻതാര .ജി.ജി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 09-05-2022 | 31-03-2023 |
| ശ്രീമതി ശാലിനി.വി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 27-05-2022 |
| ശ്രീമതി ചിഞ്ചു .എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 28-05-2022 | 23-09-2022 |
| ശ്രീ. അശ്വിൻദാസ് .വി.കെ | അസിസ്റ്റന്റ് എഞ്ചിനീയർ | 24-09-2022 | 31-03-2023 |
| ഡോ.ലിന്റാ ജോൺസ് .എസ് | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2022 | 31-03-2023 |
| ഡോ. വേണുകുമാർ .കെ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2022 | 31-03-2023 |
| ശ്രീമതി ബിന്ദു.സി.ആർ | ഹെഡ് മിസ്ട്രസ്സ് | 01-04-2022 | 31-03-2023 |
| ഡോ.വി.എൽ ഭാഗ്യലക്ഷ്മി | വെറ്ററിനറി സർജൻ | 01-04-2022 | 28-01-2023 |
| ഡോ. മേരി വിനി ഏഞ്ചൽ | വെറ്ററിനറി സർജൻ | 29-01-2023 | 31-03-2023 |
| ശ്രീ.അനിയൻ.എ.കെ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ശ്രീ.പ്രശാന്ത്.ബി | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| ശ്രീമതി ധന്യ.സി.വി | ഫിഷറീസ് ഓഫീസർ | 01-04-2022 | 30-06-2022 |
| ശ്രീ. എ.ആർ. സജീവ് കുമാർ | ഫിഷറീസ് ഓഫീസർ | 01-07-2022 | 02-11-2022 |
| ശ്രീ.പ്രശാന്ത്. എസ് | ഫിഷറീസ് ഓഫീസർ | 03-11-2022 | 31-03-2023 |
| ശ്രീ പ്രേം കുമാർ വി | വി.ഇ.ഒ ( 1 St Circle) | 01-04-2022 | 31-03-2023 |
| ശ്രീ പ്രേം കുമാർ വി ( In-charge) | വി.ഇ.ഒ ( 2 Nd Circle) | 01-04-2022 | 07-08-2022 |
| ശ്രീമതി പുഷ്പകുമാരി വി. എം | വി.ഇ.ഒ ( 2 Nd Circle) | 08-08-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | വാർഷിക അനുപാതങ്ങൾ ,താരതമ്യ തുകകൾ എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല. | 1-1-1 |
| 3 | Net Cash Generated എന്നത് Net Increase/decrease In Cash And Cash Equivalents ുമായി പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാവാത്ത ചെലവുകൾക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല | 1-1-3 |
| 5 | വർഷാന്ത്യ സ്റ്റോക്ക് മൂല്യനിർണയം നടത്തിയിട്ടില്ല | 1-1-4 |
| 6 | സെക്യേർഡ് ലോൺ ഇനത്തിലെ ബാധ്യതതുകയും പ്രീ-പെയ്ഡ് എക്സ്പെൻസ് തുകയും പൊരുത്തപ്പെടുന്നില്ല | 1-1-5 |
| 7 | വസ്തു നികുതിയുടെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ വാർഷിക കണക്കുകളിലും സഞ്ചയയിലും വ്യത്യസ്തം | 1-1-6 |
| 8 | പഞ്ചായത്ത് ഇഷ്യൂ ചെയ്തതിൽ പണം മാറിയെടുക്കാൻ അവശേഷിക്കുന്ന ചെക്കുകൾ വരവായി മുതൽക്കൂട്ടിയിട്ടില്ല | 1-1-7 |
| 9 | അക്യൂമലേറ്റഡ് ഡിപ്രീസിയേഷന്റെ മൂല്ല്യം ആസ്തിയെ അധികരിച്ച് ഉൾപ്പെടുത്തിയിരിക്കുന്നു | 1-1-8 |
| 10 | മുൻക്കൂർ വിശദാംശങ്ങളുടെ കൃത്യതയും ആധികാരികതയും ഉറപ്പിക്കാനായിട്ടില്ല | 1-1-9 |
| 11 | വിവിധ ഉദ്ദേശ്യങ്ങൾക്കായി മുൻ വർഷങ്ങളിൽ ലഭിച്ച തുകകൾ ബാധ്യതയായി തുടരുന്നു. തുടർ നടപടി സ്വീകരിക്കേണ്ടതാണ്. | 1-1-10 |
| 12 | ലോൺ രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ- അപൂർണ്ണം | 1-1-11 |
| 13 | ബജറ്റ് | 1-2 |
| 14 | ബജറ്റ് -അവലോകനം | 1-2-1 |
| 15 | സാമ്പത്തിക വിശകലനം | 1-3 |
| 16 | ഗ്രാന്റ് വിനിയോഗം | 1-4 |
| 17 | ഗ്രാന്റ് വിനിയോഗം- അപാകതകൾ | 1-4-1 |
| 18 | പദ്ധതി അവലോകനം | 1-5 |
| 19 | ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശം | 1-6 |
| 20 | പെൻഷൻ വിതരണവുമായി ബന്ധപ്പെട്ട അപാകങ്ങൾ | 1-6-1 |
| 21 | കുടുംബത്തിന്റെ വാർഷിക വരുമാനത്തിന് പകരം വ്യക്തിഗത വരുമാനത്തിന്റെ അടിസ്ഥാനത്തിൽ തൊഴിൽ രഹിത ആനുകൂല്യം അനുവദിച്ചു | 1-6-2 |
| 22 | ക്യാഷ് ബാലൻസ് പരിശോധന | 1-7 |
| 23 | ആഭ്യന്തനിയന്ത്രണം | 1-8 |

| | | |
|---|---|---|
| 24 | തൊഴിലുറപ്പ് പദ്ധതി | 1-9 |
| 25 | തൊഴിലുറപ്പ് പദ്ധതി അപാകതകൾ | 1-9-1 |
| 26 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 27 | തനത് വരുമാനം സംബന്ധിച്ച നിരീക്ഷണം | 1-11 |
| 28 | തനത് വരുമാനം കൃത്യമായി പിരിച്ചെടുക്കാത്തതിനാൽ വികസനഫണ്ടിൽ നിന്നും 235880/- രൂപ നഷ്ടമായി | 1-12 |
| 29 | വിവിധ ഇനങ്ങളിലെ വരവായി ലഭിക്കേണ്ട 15,78,041 രൂപ പിരിച്ചെടുക്കാൻ അവശേഷിക്കുന്നു. | 1-13 |
| 30 | കുടിശ്ശിക രജിസ്റ്റർ പരിപാലിക്കുന്നില്ല | 1-14 |
| 31 | വാടക കുടിശ്ശികയായ 133528 രൂപ പിരിച്ചെടുത്ത് അറിയിക്കേണ്ടതാണ്. | 1-15 |
| 32 | തനത് വരുമാനത്തിന്റെ പുരോഗതി സംബന്ധിച്ച സ്റ്റാറ്റസ് റിപ്പോർട്ടിലെ വിവരങ്ങൾ പൂർണ്ണമല്ല | 1-16 |
| 33 | വസ്തു നികുതി ഈടാക്കുന്നതുമായി ബന്ധപ്പെട്ട അപാകങ്ങൾ | 1-17 |
| 34 | ലൈസൻസ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട അപാകങ്ങൾ | 1-18 |
| 35 | തൊഴിൽ നികുതി ഈടാക്കുന്നതുമായി ബന്ധപ്പെട്ട അപാകങ്ങൾ | 1-19 |
| 36 | ടേക്ക് എ ബ്രേക്ക് - പൊതുജനങ്ങൾക്ക് പ്രയോജനപ്പെടുന്ന വിധം പൂർത്തീകരിക്കേണ്ടതാണ്. | 1-20 |
| 37 | വഴിയമ്പലം പ്രവർത്തനയോഗ്യമാക്കേണ്ടതാണ്. | 1-21 |
| 38 | ടെൻഡർ ഫോംവില ഗ്രാമപഞ്ചായത്തിന് കൈമാറി ലഭിച്ചിട്ടില്ല-നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ് | 1-22 |
| 39 | ഹോമിയോ ഡിസ്പെൻസറിയ്ക്ക് മരുന്ന് വാങ്ങൽ , 337553 രൂപയുടെ മരുന്ന് നാളിതുവരെ ലഭിച്ചിട്ടില്ല -തുക തടസ്സപ്പെടുത്തുന്നു. | 1-23 |
| 40 | പദ്ധതി ലക്ഷ്യം കൈവരിച്ചില്ല | 1-24 |
| 41 | ലൈഫ് ഭവനപദ്ധതി വീട് നിർമ്മാണം പൂർത്തികരിച്ചിട്ടില്ല | 1-25 |
| 42 | മോണിറ്ററിംഗ് ഫലപ്രദമല്ല | 1-26 |
| 43 | വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്- 3,50,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-27 |
| 44 | പദ്ധതി നിർവ്വഹണം- രേഖകൾ ലഭ്യമാക്കേണ്ടതാണ്. | 1-28 |
| 45 | ഗുണഭോക്തൃ സമിതി നിർവ്വഹണം നടത്തിയ മരാമത്ത് പ്രവർത്തികളിൽ നിന്നും വാറ്റ് നികുതി കുറവ്ചെയ്തിട്ടില്ല | 1-29 |
| 46 | ഹരിത കർമ്മ സേനയുടെ വാഹനങ്ങൾ-നിശ്ചലം | 1-30 |
| 47 | എസ്.സി.പി.ഫണ്ട്-തുക പൂർണ്ണമായും ചെലവ് ചെയ്തിട്ടില്ല | 1-31 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |

--- No Records Found ---

## ഭാഗം 4


| | | |
|---|---|---|
| 1 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പ / വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-7 |
| 8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻഅവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |


## അനുബന്ധം


| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 21.07.23 ലെ 2(1)-ാം നം. ജനറൽ കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 31.07.2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള അരുവിക്കര ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 2023 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.23 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.
Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.
Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.
വിശേഷണങ്ങളോടു കൂടിയ അഭിപ്രായം
അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, അരുവിക്കര ഗ്രാമ പഞ്ചായത്തിന്റെ 2022-2023 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

### 1-1-1 വാർഷിക അനുപാതങ്ങൾ ,താരതമ്യ തുകകൾ എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.

2011-ലെ കേരള പഞ്ചായത്ത്‌രാജ് അക്കൌണ്ട് ചട്ടങ്ങൾ ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, 62(3) പ്രകാരം മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നമ്പർ 10/2022-23 തീയതി 26.09.2023 ) ക്ക് തുടർ വർഷങ്ങളിൽ വാർഷിക അനുപാതങ്ങൾ, മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിക്കുന്നതാണെന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

### 1-1-2 Net Cash Generated എന്നത് Net Increase/decrease In Cash And Cash Equivalents ുമായി പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ Net Cash Generated (-3395054) Net Increase/decrease In Cash And Cash Equivalents (14312210) എന്നിവ പൊരുത്തപ്പെടുന്നില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നമ്പർ 10/2022-23 തീയതി 26.09.2023 ) ക്ക് തുടർ വർഷങ്ങളിൽ ഈ അപാകത ഉണ്ടാകാതെ ശ്രദ്ധിക്കുന്നതാണെന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

### 1-1-3 സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാവാത്ത ചെലവുകൾക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല

സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാവാത്ത ചെലവുകൾക്ക് (ഉദാഹരണമായി മാർച്ച് 2023 ലെ

ജനപ്രതിനിധികളുടെ ഓണറേറിയം, ഇന്ധനചെലവ് തുടങ്ങിയവ) ബാലൻസ് ഷീറ്റ് ബി 9 ഷെഡ്യൂളിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി ( നമ്പർ 7/2022-23 തീയതി 25.09.2023 ) ക്ക് വ്യക്തതമായ മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-1-4 വർഷാന്ത്യ സ്റ്റോക്ക് മൂല്യനിർണയം നടത്തിയിട്ടില്ല

2022-23 വർഷാന്ത്യത്തിൽ ഗ്രാമപഞ്ചായത്തിലെ സ്റ്റോക്കുകളും സ്റ്റോറുകളും മൂല്യനിർണയം നടത്തി വാർഷിക ധനകാര്യ പത്രികയിൽ B14 ഷെഡ്യൂളിൽ (ബാലൻസ് ഷീറ്റ്) ഉൾപ്പെടുത്തിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നമ്പർ 7/2022-23 തീയതി 25.09.2023 ) ക്ക് സ്റ്റോക്കുകൾ മൂല്യനിർണയം നടത്തി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തുന്നതിനുള്ള സംവിധാനം നിലവിൽ ILGMS-ൽ ലഭ്യമല്ലെന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. സാങ്കേതികമായ അപാകതകൾ പരിഹരിക്കുന്നതിനുവേണ്ട തുടർ നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 1-1-5 സെക്യേർഡ് ലോൺ ഇനത്തിലെ ബാധ്യതതുകയും പ്രീ-പെയ്ഡ് എക്സ്പെൻസ് തുകയും പൊരുത്തപ്പെടുന്നില്ല

ബാലൻസ് ഷീറ്റ് B5 ഷെഡ്യൂൾ പ്രകാരം Secured Loan ഇനത്തിലെ ബാധ്യത തുക 33415697/- രൂപയാണ്. എന്നാൽ ഇതിന് ആനുപാതികമായി ആസ്തി ഭാഗത്ത് ഉൾപ്പെടേണ്ട B16 ഷെഡ്യൂൾ പ്രകാരമുള്ള പ്രീ-പെയ്ഡ് എക്സ്പെൻസ് തുക 31889267/- രൂപ ആണെന്ന് കാണുന്നു. വ്യത്യാസത്തിനുള്ള കാരണം ഓഡിറ്റ് എൻക്വയറി (നമ്പർ 07/2022-23 തീയതി 25.09.2023) മുഖാന്തിരം ആരാഞ്ഞതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പരാമർശിച്ചയിനങ്ങളിലെ വ്യത്യാസത്തിന് കാരണം കണ്ടെത്തി വിവരം അറിയിക്കേണ്ടതാണ്.

.

## 1-1-6 വസ്തു നികുതിയുടെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ വാർഷിക കണക്കുകളിലും സഞ്ചയയിലും വ്യത്യസ്തം

വസ്തു നികുതിയുടെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ വാർഷിക കണക്കുകളിലും സഞ്ചയയിലും വ്യത്യസ്തമായി നിലനിൽക്കുന്നു.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വസ്തുനികുതി | സഞ്ചയ പ്രകാരം | | | വാർഷിക കണക്കുകൾ പ്രകാരം | | |
|---|---|---|---|---|---|---|
| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
| റസിഡൻഷ്യൽ (കറന്റ്) + നോൺ റസിഡൻഷ്യൽ (കറന്റ്) | 5017730 | 4279701 | 738029 | 5017730 | 4279701 | 770507 |
| റസിഡൻഷ്യൽ (അരിയർ) + നോൺ റസിഡൻഷ്യൽ (അരിയർ) | 3400700 | 1374019 | 468325 | 867024 | 1373774 | 492001 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നമ്പർ 28/2022-23 തീയതി 05.10.2023) ക്കുള്ള മറുപടിയിൽ വാർഷിക കണക്കുകളും സഞ്ചയയും തമ്മിൽ വ്യത്യാസമുണ്ടായതിനുള്ള കാരണം സൂചിപ്പിച്ചിട്ടില്ല. വസ്തുനികുതി കണക്കുകളിലെ പൊരുത്തക്കേടുകളിൻമേൽ വ്യക്തമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-1-7 പഞ്ചായത്ത് ഇഷ്യൂ ചെയ്തതിൽ പണം മാറിയെടുക്കാൻ അവശേഷിക്കുന്ന ചെക്കുകൾ വരവായി മുതൽക്കൂട്ടിയിട്ടില്ല

ബാലൻസ് ഷീറ്റ് B9 ഷെഡ്യൂൾ പ്രകാരം പഞ്ചായത്ത് ഇഷ്യൂ ചെയ്തതിൽ പണം മാറിയെടുക്കാൻ അവശേഷിക്കുന്ന ചെക്കുകളുടെ (Stale Cheques) മൂല്യം രൂ.2279/- ആണ്.ഇവ വരവായി മുതൽക്കൂട്ടാൻ സ്വീകരിച്ച നടപടി വിവരം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 07/2022-23 തീയതി 25.09.2023) ടി ചെക്കുകൾ 2023-24 വർഷം വരവായി മുതൽക്കൂട്ടുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 1-1-8 അക്ക്യൂമലേറ്റഡ് ഡിപ്രീസിയേഷന്റെ മൂല്യം ആസ്തിയെ അധികരിച്ച് ഉൾപ്പെടുത്തിയിരിക്കുന്നു

ബാലൻസ് ഷീറ്റ് B11 ഷെഡ്യൂൾ (Head Code 410800101) പ്രകാരം Other Fixed Assets – ന്റെ മൂല്യം 1390116/- രൂപയാണ്. എന്നാൽ B11(a) ഷെഡ്യൂളിൽ ഈ ഇനത്തിന് (Head Code 416100110) 1831670 രൂപ അക്ക്യൂമലേറ്റഡ് ഡിപ്രീസിയേഷൻ രേഖപ്പെടുത്തിയിരിക്കുന്നു.ഡിപ്രീസിയേഷന്റെ മൂല്യം ആസ്തിയുടെ മൂല്യത്തെ അധികരിച്ചതിൻമേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 07/2022-23 തീയതി 25.09.2023) വ്യക്തമായ മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-1-9 മുൻകൂർ വിശദാംശങ്ങളുടെ കൃത്യതയും ആധികാരികതയും ഉറപ്പിക്കാനായിട്ടില്ല

ബാലൻസ് ഷീറ്റ് B18 ഷെഡ്യൂളിലെ വിവരങ്ങൾ പ്രകാരം പഞ്ചായത്ത് വിവിധ വകുപ്പുകൾ/ഏജൻസികൾ എന്നിവക്ക് നൽകിയിട്ടുള്ള ഡെപ്പോസിറ്റുകളുടേയും മുൻകൂറുകളുടേയും ആകെ തുക 6570404/-രൂപയാണ്.എന്നാൽ ഈ വിവരങ്ങളുടെ കൃത്യതയും ആധികാരികതയും പരിശോധിക്കുന്നതിനായി മുൻകൂർ രജിസ്റ്റർ കാലികമാക്കി ലഭ്യമാക്കിയിട്ടില്ല.മുൻകൂർ രജിസ്റ്റർ ക്രമപ്രകാരം പരിപാലിക്കാത്തതിനുള്ള കാരണം ഓഡിറ്റ് എൻക്വയറി (നമ്പർ 07/2022-23 തീയതി 25.09.2023) മുഖാന്തിരം ആരാഞ്ഞതിന് പൂർണമായ മുൻകൂർ രജിസ്റ്റർ അടുത്ത ഓഡിറ്റ് വേളയിൽ ഹാജരാക്കുന്നതാണെന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 1-1-10 വിവിധ ഉദ്ദേശ്യങ്ങൾക്കായി മുൻ വർഷങ്ങളിൽ ലഭിച്ച തുകകൾ ബാധ്യതയായി തുടരുന്നു. തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

ബാലൻസ് ഷീറ്റ് B4 ഷെഡ്യൂൾ പ്രകാരം വിവിധ ഉദ്ദേശ്യങ്ങൾക്കായും പ്രോജക്റ്റുകൾക്കായും മുൻ വർഷങ്ങളിൽ ലഭിച്ച തുകകൾ ബാധ്യതയായി തുടരുന്നു. തുടർനടപടി സ്വീകരിച്ച് വിവരങ്ങൾ അറിയിക്കേണ്ടതാണ്.

ഉദാ;

| ക്രമ നം. | ഹെഡ് കോഡ് | വിവരണം | തുക(രൂ) |
|---|---|---|---|
| 1 | 320100162 | Sarva Siksha Abhiyan | 159562 |
| 2 | 320100198 | Grant From Suchitwa Mission | 33,62,650 |
| 3 | 320100204 | Health Grant | 53846 |
| 4 | 320200307 | LAD(MLA) | 974871 |
| 5 | 320700204 | ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ചത് (റവന്യൂ) | 200000 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി ഓഡിറ്റ് എൻക്വയറി (നമ്പർ 07/2022-23 തീയതി 25.09.2023) ക്ക് മേൽ പ്രകാരമുള്ളതിൽ ചെലവഴിക്കാൻ ബാക്കി നിൽക്കുന്ന തുകകൾ തുടർ വർഷങ്ങളിൽ പദ്ധതികളിൽ ഉൾപ്പെടുത്തി ചെലവഴിക്കുന്നതാണെന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്. നീക്കിയിരിപ്പായി അവശേഷിക്കുന്ന തുക സംബന്ധമായ തുടർ നടപടി വിവരം അനുബന്ധ രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-1-11 ലോൺ രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ- അപൂർണ്ണം

ബാലൻസ് ഷീറ്റ് B5 ഷെഡ്യൂൾ പ്രകാരം സെക്വേർഡ് ലോൺ ഇനത്തിലെ ബാധ്യത 33415697/- രൂപയാണ്. കൂടാതെ ലോൺ ഹെഡിന്റെ ലഡ്ജർ (330500201) പരിശോധിച്ചതിൽ നിന്നും ഈ ഇനത്തിലെ മുന്നിരിപ്പ് ( മുൻ ബാധ്യത) 33813862 രൂപയും തൻ വർഷത്തെ ലോൺ തുക 3606430 രൂപയും ലോൺ തിരിച്ചടവ് തുക 4004595 രൂപയും ആണ് .എന്നാൽ ലോൺ രജിസ്റ്റർ പ്രകാരം ലോൺ തുക 3546430 രൂപയാണെന്നും വ്യത്യാസത്തിന് കാരണം RV No.1220001013 Dtd 27.02.2023 പ്രകാരമുള്ള 60000/- രൂപ ലോൺ രജിസ്റ്ററിൽ ഉൾപ്പെടുത്താത്തതിനാലാണെന്നും കാണുന്നു. കൂടാതെ ലോൺ ഇനത്തിലെ ബാധ്യതാ-മുന്നിരിപ്പ് വിവരവും രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. മേൽ അപാകതകൾ ഓഡിറ്റ് എൻക്വയറി നമ്പർ 11/2022-23 തീയതി 27.09.2023 മുഖാന്തിരം ശ്രദ്ധയിൽപ്പെടുത്തിയതിന് ലോൺ രജിസ്റ്റർ കാലികമാക്കി അടുത്ത ഓഡിറ്റിന് ഹാജരാക്കുന്നതാണെന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 1-2 ബജറ്റ്

ഭരണസമിതിയുടെ 23.03.22 ലെ 1(1) ആം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ ബജറ്റ് അംഗീകരിക്കുകയുണ്ടായി. തുടർന്ന് സർക്കാർ/ ഇതര ഗ്രാന്റുകളുടേയും വരവിലുണ്ടായ വ്യത്യാസങ്ങൾ കാരണവും

വാർഷികപദ്ധതിയിലുണ്ടായ ഭേദഗതികളുടെ ഭാഗമായും വരവ് ചെലവ് കണക്കുകളിൽ വന്ന മാറ്റത്തിനനുസൃമായി ബജറ്റ് പുതുക്കി തയ്യാറാക്കുകയുണ്ടായി. എന്നാൽ 23.03.22 ൽ അംഗീകരിച്ച ബജറ്റ് ഓഡിറ്റിന് ലഭ്യമാക്കിയില്ല. പുതുക്കിയ ബജറ്റ് ഭരണസമിതിയുടെ 15.03.2023 ലെ 1(1)നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. പരിഷ്കരിച്ച ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവ് കണക്കുകൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 17499795 |
| റവന്യൂ വരവ് | 226361000 |
| മൂലധന വരവ് | 67541400 |
| ആകെ വരവ് | 293902400 |
| ആകെ | 311402195 |
| റവന്യൂ ചെലവ് | 256320100 |
| മൂലധന ചെലവ് | 52241400 |
| ആകെ ചെലവ് | 308561500 |
| നീക്കിയിരിപ്പ് | 2840695 |

## 1-2-1 ബജറ്റ് -അവലോകനം

ബജറ്റ് - അവലോകനം

1. ബജറ്റ് രൂപീകരണം

എ) 02.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം പാസാക്കിയ, ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാന്വൽ ഖണ്ഡിക 3.1(ii) പ്രകാരം വാർഷിക ബജറ്റുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പ്രധാന രേഖകൾ ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിക്കേണ്ടതുണ്ട്.

1. ബജറ്റ് പ്രസംഗം

2. ബജറ്റ് കുറിപ്പുകൾ (Annexure 6)

3. പെർഫോമൻസ് ബജറ്റ് (Annexure 10)

4. ജെൻഡർ ബജറ്റ് (Annexure 11)

5. ബജറ്റ് പത്രികകളും ബജറ്റ് ഷെഡ്യൂളുകളും

എന്നാൽ മേൽപ്പറഞ്ഞവ ബജറ്റ് ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല.

ബി) 02.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. ആയത് പ്രകാരം എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും എല്ലാ മാസവും 5-ാം തീയതിയ്ക്ക് മുൻപായി മാസം തോറുമുള്ള അവലോകന റിപ്പോർട്ടും വിനിയോഗ സാക്ഷ്യപത്രവും ഹാജരാക്കേണ്ടതും, അതിന്റെ അടിസ്ഥാനത്തിൽ പട്ടിക 4-1, 4-2 എന്നിവ പ്രകാരം വരുമാനവും ചെലവും സംബന്ധിച്ച് മാസം തോറുമുള്ള അവലോകന റിപ്പോർട്ട് സെക്രട്ടറി ഗ്രാമപഞ്ചായത്തിന്റെ ഫിനാൻസ് സ്റ്റാന്റിംഗ് കമ്മിറ്റി മുമ്പാകെ സമർപ്പിക്കേണ്ടതും, എല്ലാ മാസവും 10-ാം തീയതിക്ക് മുൻപായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മാസം തോറുമുള്ള അവലോകനം നിർവ്വഹിക്കേണ്ടതായിട്ടുമുണ്ട്. പ്രസ്തുത അവലോകനത്തിന്റെ അടിസ്ഥാനത്തിൽ വിഭവ സമാഹരണത്തിന്റെയും ചെലവിന്റെയും പുരോഗതി സംബന്ധിച്ച പുരോഗതി റിപ്പോർട്ട് (മേൽ മാതൃകയിൽ) ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതും ആയത് ഒരു അജണ്ടയാക്കി ഗ്രാമപഞ്ചായത്ത് മീറ്റിംഗിൽ ചർച്ചയ്ക്ക് വിധേയമാക്കേണ്ടതുമാണ്. കൂടാതെ പ്രസിഡന്റ് മാസം തോറും നിർവ്വഹണ ഉദ്യോഗസ്ഥരുടെ ഒരു യോഗം കൂടി നിർവ്വഹണ പുരോഗതി വിലയിരുത്തേണ്ടതും അടുത്ത മാസത്തെ പ്രവർത്തന പദ്ധതി ചർച്ച ചെയ്യേണ്ടതുമാണ്. മാസം തോറുമുള്ള അവലോകനം സെക്രട്ടറി ഏകോപിക്കേണ്ടതുമാണ് [ബജറ്റ് മാന്വൽ ഖണ്ഡിക 4-4]. ബജറ്റിന്റെ പ്രതിമാസ അവലോകനം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നടത്തിയതായി മിനിട്ട്സിൽ രേഖപ്പെടുത്തിയിട്ടില്ല.

സി) 02.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം മേൽ വിവരിച്ച ഒരു മാതൃകയിൽ വരുമാനം/ചെലവ് സംബന്ധിച്ച വാർഷിക വിവരങ്ങൾ തയ്യാറാക്കി എല്ലാ വർഷവും ഏപ്രിലിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഒരു വാർഷിക അവലോകനം നിർവ്വഹിക്കേണ്ടതും തുടർന്ന് സ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശകൾ സഹിതം വാർഷിക അവലോകന റിപ്പോർട്ട് ഗ്രാമപഞ്ചായത്ത് മുമ്പാകെ അവതരിപ്പിക്കേണ്ടതാണെന്ന് ബജറ്റ് മാന്വൽ ഖണ്ഡിക 4-5 വ്യക്തമാക്കുന്നു. പ്രതിമാസമുള്ളതും, വാർഷികവുമായ റിപ്പോർട്ടുകൾ പരിഗണിച്ച് ധനസമാഹരണം സംബന്ധിച്ചും സെക്രട്ടറി അടക്കമുള്ള നിർവ്വഹണ ഉദ്യോഗസ്ഥർക്ക് ആവശ്യമായ തുടർനിർദ്ദേശം ഗ്രാമപഞ്ചായത്ത് നൽകേണ്ടതാണെന്ന് ബജറ്റ് മാന്വൽ ഖണ്ഡിക 4-5(xi) വ്യക്തമാക്കുന്നു. ഇപ്രകാരമുള്ള അവലോകനം നടത്തിയതായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനിട്ട്സിലും ജനറൽ കമ്മറ്റി മിനിട്ട്സിലും രേഖപ്പെടുത്തിയിട്ടില്ല.

ഡി) ബജറ്റ് തയ്യാറാക്കുന്നതിനായി തദ്ദേശഭരണസ്ഥാപനത്തിന്റെ നിയന്ത്രണത്തിലുള്ള കൈമാറിക്കിട്ടിയ സ്ഥാപന മേധാവികൾ ഒരു വർഷത്തേക്കുള്ള കണ്ടിജൻസി ചെലവുകൾ (കറണ്ട് ചാർജ്, വാട്ടർ ചാർജ്, വാടക, കൺസ്യൂമബിൾസ്, സ്റ്റേഷനറി, പോസ്റ്റേജ്, ടെലഫോൺ, ഇന്റർനെറ്റ്, ചാർജ്) തുടങ്ങിയ ഓഫീസ് ചെലവുകളുടെ ആവശ്യകത പട്ടിക രൂപത്തിൽ തയ്യാറാക്കി സമർപ്പിക്കേണ്ടതാണ്. എന്നാൽ ഐ.സി.ഡി.എസ് സൂപ്പർവൈസർ, വെറ്ററിനറി സർജൻ എന്നിവർ ഇപ്രകാരമുള്ള ആവശ്യകതാ പട്ടിക സമർപ്പിച്ചിരുന്നതായുള്ള വിവരം ബജറ്റ് ഫയലിൽ കാണുന്നില്ല.

2. ബജറ്റ് വകയിരുത്തൽ-ചെലവ്

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടം 72,73,74 പ്രകാരം ബജറ്റിൽ നിർദ്ദേശിച്ചിട്ടില്ലാത്തതോ ബജറ്റിൽ നിർദ്ദേശിച്ചതിൻ കൂടുതലോ ആയോ ചെലവ് ചെയ്യേണ്ടി വരികയാണെങ്കിൽ അത്തരം ചെലവ് ചെയ്യുന്നതിന് മുമ്പ് അനുപൂരക ബജറ്റോ പുതുക്കിയ ബജറ്റോ പഞ്ചായത്ത് അംഗീകരിക്കേണ്ടതാണ്. ഉചിതമായ ബജറ്റ് തുക വകയിരുത്തിയിട്ടില്ലെങ്കിൽ ഒരു ചെലവും അനുവദനീയമല്ല.

1)ബജറ്റിൽ വകയിരുത്തിയ വിവിധ ഇനങ്ങളിൽ ചെലവുണ്ടായിട്ടില്ല. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഹെഡ് ഓഫ് അക്കൌണ്ട് | ഇനം | പരിഷ്കരിച്ച ബജറ്റ് പ്രകാരമുള്ള തുക | എ.എഫ്.എസ്.പ്രകാരമുള്ള തുക |
|---|---|---|---|---|
| 1 | 2502006 | Water Conservation | 550000 | - |
| 2 | 2503018 | Revolving Fund For Kudumbasree Employment Programme | 200000 | - |
| 3 | 2511008 | Youth Welfare | 30000 | - |
| 4 | 2511015 | Reading Rooms Libraries Books | 30000 | - |
| 5 | 2512027 | Crematorium | 3100000 | _ |
| 6 | 2523001 | Public Buildings | 1500000 | - |

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 03/23.09.23) ബജറ്റിലെ വിവിധ ഹെഡുകളിൽ ചെലവഴിക്കുന്നതിന് തുക വകയിരുത്തിയെങ്കിലും 2022-23 സാമ്പത്തിക വർഷം ചിലയിനങ്ങളിൽ ചെലവുണ്ടാകാത്തതിന് കാരണം ചെലവ് അനിവാര്യമായി വരാത്തതു കാരണവും തനതു ഫണ്ടിന്റെ അപര്യാപ്തതമൂലവും ആണെന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 1-3 സാമ്പത്തിക വിശകലനം

റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം

| | |
|---|---|
| മുന്നിരിപ്പ് | 11719320 |
| ഓഡിറ്റ് വർഷത്തെ വരവ് | 65688184 |
| ആകെ വരവ് | 77407504 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 51375974 |
| നീക്കിയിരിപ്പ് | 26031530 |

## 1-4 ഗ്രാന്റ് വിനിയോഗം

ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വിവിധ ഗ്രാന്റുകളുടെ വരവ്, ചെലവ് വിശദാംശം ചുവടെ.

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 18943208 | 18943208 | 21405469 | -2462261 |
| വികസനഫണ്ട് എസ്.സി.പി. | 0 | 4650117 | 4650117 | 5232961 | -582844 |
| സി.എഫ്.സി. ടൈഡ് | 0 | 9288147 | 9288147 | 2265067 | 7023080 |
| സി.എഫ്.സി. അൺടൈഡ് | 0 | 4672987 | 4672987 | 3909391 | 763596 |
| സംരക്ഷണഗ്രാന്റ്-റോഡ് | 0 | 15788000 | 15788000 | 11434903 | 4353097 |
| സംരക്ഷണഗ്രാന്റ്-നോൺ റോഡ് | 0 | 8780000 | 8780000 | 8761298 | 18702 |
| CSS | 0 | 0 | 0 | 486936 | -486936 |
| SSS | 0 | 0 | 0 | 720000 | -720000 |

## 1-4-1 ഗ്രാന്റ് വിനിയോഗം- അപാകതകൾ

ഗ്രാമപഞ്ചായത്തിന്റെ ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, സുലേഖ ചെലവ് പത്രിക, എ.സി.ആർ, വാർഷിക ധനകാര്യ പത്രിക എന്നിവ പരിശോധിച്ചതിൽ ശ്രദ്ധയിൽപെട്ട പൊരുക്കേടുകൾ ചുവടെ ചേർക്കുന്നു.

1)വികസനഫണ്ട് (പൊതുവിഭാഗം) അലോട്ട്മെന്റിൽ നിന്നും ലൈഫ് വായ്പ തിരിച്ചടവിനത്തിൽ പ്രോജക്റ്റ് നം.200,224/22-23 എന്നിവ പ്രകാരം ആകെ 2919712 രൂപയും അംഗൻവാടി ജീവനക്കാരുടെ പ്രതിഫലമിനത്തിൽ പ്രോജക്റ്റ് നം.199,202,221/22-23എന്നിവ പ്രകാരം ആകെ 1489200 രൂപയും സ്രോതസ്സിൽ നിന്നും കുറവു ചെയ്താണ് സർക്കാർ ഗ്രാമപഞ്ചായത്തിന് അനുവദിച്ചിട്ടുള്ളത്. ഇപ്രകാരം സ്രോതസ്സിൽ നിന്നും കുറവുചെയ്യുന്നതുക ഗ്രാമപഞ്ചായത്ത് പദ്ധതി വരവായും, ചെലവായും ഉൾപ്പെടുത്തേണ്ടതുണ്ട്. എന്നാൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ സ്രോതസ്സിൽ നിന്നും ഈടാക്കിയ തുകക്ക് വരവു രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ വികസനഫണ്ടിൽ(പൊതുവിഭാഗം) ചെലവു തുകകൾ വരവിലുമധികമായി രേഖപ്പെടുത്തി നെഗറ്റീവ് നീക്കിയിരുപ്പ് രേഖപ്പെടുത്തിയിരിക്കുന്നു.

2)വികസനഫണ്ട് (എസ്.എസ്.പി) അലോട്ട്മെന്റിൽ നിന്നും ലൈഫ് വായ്പ തിരിച്ചടവിനത്തിൽ പ്രോജക്റ്റ് നം.201/22-23 പ്രകാരം 542442 രൂപയും പ്രോജക്റ്റ് നം.225/22-23പ്രകാരം 542441 രൂപയും ചേർത്ത് 1084883 രൂപ സ്രോതസ്സിൽ നിന്നും കുറവു ചെയ്താണ് സർക്കാർ ഗ്രാമപഞ്ചായത്തിന് അനുവദിച്ചിട്ടുള്ളത്. ഇപ്രകാരം സ്രോതസ്സിൽ നിന്നും കുറവുചെയ്യുന്ന തുക ഗ്രാമപഞ്ചായത്ത് പദ്ധതി വരവായും, ചെലവായും ഉൾപ്പെടുത്തേണ്ടതുണ്ട്. എന്നാൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ സ്രോതസ്സിൽ നിന്നും ഈടാക്കിയ തുകക്ക് വരവു രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ വികസനഫണ്ടിൽ (എസ്.സി.പി) ചെലവു തുകകൾ വരവിലുമധികമായി രേഖപ്പെടുത്തി നെഗറ്റീവ് നീക്കിയിരിപ്പ് രേഖപ്പെടുത്തിയിരിക്കുന്നു.

3) കേന്ദ്രാവിഷ്കൃത പദ്ധതി, സംസ്ഥാനാവിഷ്കൃത പദ്ധതി ഫണ്ടുകളുടെ മുന്നിരിപ്പ്, വരവ്, ചെലവ് വിശദാംശങ്ങൾ ഫണ്ട് ഇനം തിരിച്ച് ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

4) സ.ഉ(കൈ)നം.84/2022/തസ്വഭവ തീയതി 19.04.2022 ഖണ്ഡിക 6.7.4 പ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് ഏറ്റെടുക്കുന്ന പ്രോജക്റ്റുകൾ മേൽ തട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതം ഉൾപ്പെടെ സംയുക്ത പ്രോജക്റ്റുകളായി ഏറ്റെടുക്കേണ്ടതിന് ശ്രമിക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. തൻവർഷം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് പഞ്ചായത്തിൽ നടപ്പാക്കിയ പദ്ധതികൾക്കൊന്നും തന്നെ ബ്ലോക്ക്- ജില്ലാ പഞ്ചായത്ത് വിഹിതം വകയിരുത്തിയിട്ടില്ല.

5) ഗ്രാമപഞ്ചായത്തിൽ 2022-23 സാമ്പത്തിക വർഷം മേഖലാ അടിസ്ഥാനത്തിൽ പദ്ധതി മാർഗരേഖ പ്രകാരമുള്ള തുക വകയിരുത്തിയിട്ടുണ്ടെങ്കിലും ഭാഗികമായി മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. മേഖല അടിസ്ഥാനത്തിലുള്ള ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| മേഖല | വിഭാഗം | അടങ്കൽ (മറ്റുള്ളവ ഒഴികെ) | ചെലവ് (മറ്റുള്ളവ ഒഴികെ) | ചെലവ് % |
|---|---|---|---|---|
| ഉല്പാദനം | പൊതുവിഭാഗം | 8506379 | 6195607 | 73 |
| സേവനം | പൊതുവിഭാഗം | 63198911 | 29406092 | 47 |

| | | | | |
|---|---|---|---|---|
| | പട്ടിക ജാതി | 19496158 | 6623088 | 34 |
| പശ്ചാത്തലം | പൊതുവിഭാഗം | 21008916 | 15464603 | 74 |

സർക്കാർ ഉത്തരവ് (കൈ)നം.84/2022/ത.സ്വ.ഭ.വ. തീയതി.19.04.22, ഖണ്ഡിക 6.1(1),6.2(1) എന്നിവ പ്രകാരം പട്ടികജാതി , പട്ടികവർഗ്ഗ ഉപപദ്ധതിവിഹിതം പാഴാക്കാനോ, വകമാറ്റി ചെലവഴിക്കാനോ പാടില്ല എന്നിരിക്കെ സേവന മേഖലയിൽ പട്ടികജാതി വിഭാഗത്തിന് അനുവദനീയമായിരുന്ന 19496158 രൂപയിൽ 6623088രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. സേവന മേഖലയിൽ പട്ടികജാതി വിഭാഗത്തിന് നീക്കിവച്ചിരുന്ന തുകയിൽ 34% മാത്രമേ ചെലവഴിച്ചിട്ടുള്ളുവെന്നത് പദ്ധതി മാർഗ്ഗരേഖാ നിർദ്ദേശങ്ങളിൽ നിന്നുള്ള വ്യതിചലനമാണ്. ഗ്രാന്റ് വിനിയോഗത്തിൽ നിലവിലുള്ള സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നതിനും, പദ്ധതി തുകയുടെ വിനിയോഗം കാര്യക്ഷമമാക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

6) ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ്-ചെലവ് തുകകൾ എ.സി.ആർ, സുലേഖ പത്രിക എന്നിവയുമായി പൊരുത്തപ്പെടുന്നില്ല.

| ഫണ്ടിനം | വരവ് (രൂ) | | ചെലവ് (രൂ) | | |
|---|---|---|---|---|---|
| | ഗ്രാന്റ് | എ.സി.ആർ | ഗ്രാന്റ് | എ.സി.ആർ | സുലേഖ |
| വികസനഫണ്ട് (ജനറൽ) | 18943208 | 18943208 | 21405469 | 18344523 | 21405469 |
| വികസനഫണ്ട് (എസ്.സി.പി) | 4650117 | 4650117 | 5232961 | 4638078 | 5232961 |
| കേന്ദ്ര ധനകാര്യ കമ്മിഷൻ അവാർഡ്(ടൈഡ്) | 9288147 | 9288147 | 2265067 | 2265067 | 6174458 (Tied+untied) |
| കേന്ദ്ര ധനകാര്യ കമ്മിഷൻ അവാർഡ്(അൺ ടൈഡ്) | 4672987 | 4672987 | 3909391 | 3909391 | 6174458 (Tied+untied) |
| മെയിന്റനൻസ് റോഡ് | 15788000 | 15788000 | 11434903 | 11434903 | 11434903 |
| മെയിന്റനൻസ് റോഡിതരം | 8780000 | 8780000 | 8761298 | 8768978 | 8761298 |
| കേന്ദ്രാവിഷ്കൃത പദ്ധതി | 0 | - | 486936 [നീക്കിയിരിപ്പ് (-)486936 ആയി കാണിച്ചിരിക്കുന്നു] | - | 486936 |
| സംസ്ഥാനാവിഷ്കൃത പദ്ധതി | 0 | - | 720000 [നീക്കിയിരുപ്പ് (-)720000 ആയി കാണിച്ചിരിക്കുന്നു] | - | 720000 |

മേൽ പരാമർശിച്ച വ്യത്യാസങ്ങൾക്കുള്ള കാരണം മതിയായ രേഖകളുടെ പിൻബലത്തോടെ വ്യക്തമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 6/2022-23 തീയതി 25.09.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പരാമർശിച്ച ഓരോ ഫണ്ടിനങ്ങളുടെ കാര്യത്തിലും, വരവ്-ചെലവ് വിശദാംശങ്ങളിൽ ഉണ്ടായിട്ടുള്ളതും മേൽപരാമർശിച്ചതുമായ വ്യതിയാനങ്ങളിൻമേലും പൊരുത്തക്കേടുകളിൻമേലും വ്യക്തമായ വിശദീകരണം രേഖകളുടെ പിൻബലത്തോടെ ലഭ്യമാക്കേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

ഫണ്ട് വിനിയോഗം

2022-23 സാമ്പത്തിക വർഷം ഗ്രാമ പഞ്ചായത്തിന് ബജറ്റ് വിഹിതമായി ലഭിച്ച തുക, ചെലവഴിച്ച തുക, ലാപ്സായ തുക എന്നിവയുടെ വിശദാംശം ചുവടെ ചേർക്കുന്നു.


(എ)

| ഫണ്ട് | 2022-23-ൽ സംസ്ഥാന ബജറ്റ് അനുബന്ധം | 2022-23-ൽ ചെലവഴിച്ച തുക (സുലേഖ | ലാപ്സായ തുക |
|---|---|---|---|


| | IV ന്റെ അടിസ്ഥാനത്തിൽ ഗവ. ഉത്തരവുകൾ പ്രകാരം ലഭിക്കുന്ന തുക | ചെലവ് പത്രിക പ്രകാരം) | |
|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം സാധാരണ വിഹിതം | 23588000 | 21405469 | 2182531 |
| വികസനഫണ്ട് എസ്.സി.പി | 5735000 | 5232961 | 502039 |
| മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ് | 8780000 | 8761298 | 18702 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | 15788000 | 11434903 | 4353097 |
| ആകെ | 53891000 | 46834631 | 7056369 |

, ചെലവഴിച്ച തുക, ലാപ്സായ തുക എന്നിവയുടെ താരതമ്യം ലേഖാചിത്രമായി ചേർക്കുന്നു. ആകെ ലഭ്യമാകുന്ന തുക

(1)




(2)




ധനകാര്യ കമ്മീഷൻ ഗ്രാൻറ് വരവ് ചെലവ് നീക്കിയിരിപ്പ് വിവരങ്ങൾ

| ഫണ്ട് | മുന്നിരിപ്പ് 2021-22 | വരവ് (ഗ്രാൻറ് | ആകെ | ചെലവ്(ഗ്രാൻറ് സ്റ്റേറ്റ്മെൻറ് | നീക്കിയിരിപ്പ് | നീക്കിയിരിപ്പ് (2022-23 ലെ |
|---|---|---|---|---|---|---|

| | B4 ഷെഡ്യൂൾ പ്രകാരം | സ്റ്റേറ്റ്മെൻറ് പ്രകാരം | | പ്രകാരം) | | B4 ഷെഡ്യൂൾ പ്രകാരം |
|---|---|---|---|---|---|---|
| ധനകാര്യകമ്മീഷൻഗ്രാൻറ് (ടൈഡ്) | 3,307,892 | 9288147 | 12596039 | 2265067 | 10330972 | 465839 |
| ധനകാര്യകമ്മീഷൻഗ്രാൻറ് (അൺ ടൈഡ്) | 100,860 | 4672987 | 4773847 | 3909391 | 864456 | 7883437 |

(ബി) 2022-23 വർഷത്തെ വിവിധ നിർവ്വഹണ മേഖലകളുമായി ബന്ധപ്പെട്ട് വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി അടങ്കൽ, ചെലവ്, നീക്കിയിരിപ്പ് എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | ആകെ ഏറ്റെടുത്ത പദ്ധതികൾ | നടപ്പിലാക്കിയവ | നടപ്പിലാക്കാത്തവ | ആകെ പദ്ധതി അടങ്കൽ (ഗുണഭോക്തൃ വിഹിതം ഒഴികെ) | ആകെ പദ്ധതി ചെലവ് (ഗുണഭോക്തൃ വിഹിതം ഒഴികെ) | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| കൃഷി ഓഫീസർ | 7 | 5 | 2 | 1199687 | 844180 | 70 |
| വെറ്റിനറി സർജൻ | 7 | 5 | 2 | 2245000 | 1427900 | 64 |
| മെഡിക്കൽ ഓഫീസർ -എഫ്.എച്ച്.സി | 20 | 18 | 2 | 6222154 | 5041585 | 81.03 |
| മെഡിക്കൽ ഓഫീസർ -ഹോമിയോ | 1 | 1 | 0 | 500000 | 500000 | 100 |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 2 | 2 | 0 | 1700000 | 1700000 | 100 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 17 | 13 | 4 | 40012368 | 8159709 | 20 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 17 | 13 | 4 | 6167695 | 4728540 | 77 |
| സെക്രട്ടറി | 31 | 25 | 6 | 14022665 | 12077067 | 86.13 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 77 | 51 | 26 | 34863795 | 19346730 | 55.5 |
| ഹെഡ് മാസ്റ്റർ | 2 | 2 | 0 | 550000 | 487893 | 88.71 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 2 | 0 | 2600000 | 2499475 | 96 |
| അസിസ്റ്റന്റ് സെക്രട്ടറി | 9 | 6 | 3 | 2007000 | 824311 | 41 |
| ഫിഷറീസ് ഓാഫീസർ | 2 | 2 | 0 | 120000 | 52000 | 43 |

(സി) ആകെ വരവ് ചെലവ് (സുലേഖ പത്രിക പ്രകാരം)

| ഫണ്ട് | വകയിരുത്തിയ തുക | ചെലവ് തുക | ശതമാനം |
|---|---|---|---|
| പൊതുവിഭാഗം (ജനറൽ) | 277773570 | 21405469 | 7.7 |
| എസ്.സി.പി. | 6834668 | 5232961 | 76 |
| ധനകാര്യ കമ്മിഷൻ അവാർഡ് | 11714719 | 6174458 | 52.7 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 5398240 | 486936 | 9 |

| | | | |
|---|---|---|---|
| സംസ്ഥാനാവിഷ്കൃത ഫണ്ട് | 11640000 | 720000 | 6.1 |
| തനത് ഫണ്ട് | 4355136 | 1043238 | 24 |
| മറ്റ് ബ്ലോക്ക്പഞ്ചായത്ത് | 7131465 | 1950377 | 27.3 |
| മറ്റ് ജില്ലാ പഞ്ചായത്ത് | 10322250 | 479750 | 4.6 |
| മെയിന്റനൻസ് റോഡ് | 15788000 | 11434903 | 72.4 |
| മെയിന്റനൻസ് റോഡിതരം | 10624817 | 8761298 | 82.4 |
| മറ്റുള്ളവ | 33430669 | 3560493 | 10.6 |
| ആകെ | 145641033 | 61249883 | 42 |

| ആകെ ഏറ്റെടുത്ത പദ്ധതികൾ | നടപ്പിലാക്കിയവ | നടപ്പിലാക്കാത്തവ | ആകെ പദ്ധതി അടങ്കൽ (മറ്റുള്ളവ ഒഴിവാക്കി) | ആകെ പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| 194 | 145 | 49 | 145641033 | 61249883 | 42 |

ആസൂത്രണ സമിതി

പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ [സ.ഉ.(കൈ)നമ്പർ 84/2022 തസ്വഭവ തീയതി 19.04.2022] ഖണ്ഡിക, 3.1.1അനുസരിച്ച്, ഭരണസമിതിയുടെ തീരുമാനപ്രകാരം ആസൂത്രണസമിതി 13.12.2021 2(1) പുന:സംഘടിപ്പിച്ചിട്ടുണ്ട്.

പുന:സംഘടിപ്പിച്ചതിന് ശേഷമുള്ള ആസൂത്രണ സമിതിയിലെ അംഗങ്ങളുടെ വിവരം തദ്ദേശഭരണ സ്ഥാപനത്തിന്റെയും ഘടകസ്ഥാപനങ്ങളുടെയും നോട്ടീസ് ബോർഡുകളിലും തദ്ദേശഭരണ സ്ഥാപനത്തിന്റെ വെബ്സൈറ്റിലും പ്രസിദ്ധപ്പെടുത്തണമെന്നുണ്ട്. ഇപ്രകാരം പ്രസിദ്ധീകരിച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. (ഓഡിറ്റ് എൻക്വയറി നമ്പർ 2/24.09.23 ന്റെ മറുപടി)

ആസൂത്രണ സമിതിയുടെ മിനിട്സ് പരിശോധിച്ചതിൽ, പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയുടെ 3.1.1 (ബി)1 മുതൽ 17 വരെ പ്രതിപാദിക്കുന്ന ആസൂത്രണ സമിതിയുടെ ചുമതലകൾ നിർവ്വഹിച്ചിട്ടില്ലായെന്ന് കാണുന്നു.

15-ാം ധനകാര്യകമ്മീഷൻ ഗ്രാന്റ് വിനിയോഗം - ഉപപദ്ധതി തയ്യാറാക്കുന്നതിനായി യോഗം കൂടിയിട്ടില്ല, 2022-23 വാർഷിക പദ്ധതി രൂപീകരണത്തിനായി 13.12.2021ന് തീരുമാനം നം 2(1) ആയിട്ടാണ് ആസൂത്രണ സമിതി കൂടിയിട്ടുള്ളത്.

തുടർ പദ്ധതികൾ തയ്യാറാക്കുന്ന അവസരത്തിൽ മാർഗ്ഗരേഖ നിർദ്ദേശങ്ങൾ പാലിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

വർക്കിംഗ് ഗ്രൂപ്പ്

ഭരണസമിതി തീരുമാനം 2(1)/13.12.2021 പ്രകാരം, ഗ്രാമപഞ്ചായത്തിലെ വർക്കിംഗ് ഗ്രൂപ്പുകൾ(13 എണ്ണം) പുനഃ സംഘടിപ്പിച്ചിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പുകളെല്ലാം തന്നെ തൻവർഷം മൂന്ന് യോഗങ്ങൾ വീതം കൂടിയിട്ടുണ്ട് . ഭൂരിഭാഗം വർക്കിംഗ് ഗ്രൂപ്പുകളും വിവിധ പ്രോജക്ട് നിർദ്ദേശങ്ങൾ നൽകുക മാത്രമാണ് ചെയ്തിട്ടുള്ളത്.

ഖണ്ഡിക 3.1.2(ബി) 13 പ്രകാരം വാർഷിക പദ്ധതി ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതാണ്. വർക്കിംഗ് ഗ്രൂപ്പ് മിനിട്സിൽ മോണിറ്ററിംഗിന്റെ വിവരങ്ങൾ മിനിട്സ് ചെയ്തിട്ടില്ല.

വാർഷിക പദ്ധതി രൂപീകരണത്തിനായി നടന്ന വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിലെ ഏതാനം നിർദ്ദേശങ്ങൾക്കനുസൃതമായി സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വർക്കിംഗ് ഗ്രൂപ്പ് | തീയതി | സ്വീകരിച്ച നടപടി (അവലംബം -ഓഡിറ്റ് എൻക്വയറി നമ്പർ 03/14.07.2023ന്റെ മറുപടി) |
|---|---|---|---|
| I | പൊതു ഭരണവും ധനകാര്യവും | 17/05/22 | പകൽ വീട് കെട്ടിടത്തിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. നിന്നുള്ള മാലിന്യംസംസ്കരിക്കുന്നതിന് സ്വകാര്യ ഏജൻസികളെ ഏല്പിച്ചു.ഗ്രന്ഥശാല നവീകരണം പ്രോജക്ട് ഫണ്ടില്ലാത്തതിനാൽ നടന്നില്ല. |
| Ii | കൃഷി | 17.05.2022 | അത്യുല്പാദനതെങ്ങിൻതൈ വിതരണ പദ്ധതി നടന്നുവരുന്നു. |
| Iii | വനിതാ വികസനം | 17.05.2022 | അംഗൻവാടികൾക്ക് കെട്ടിടം, ചുറ്റുമതിൽ,ഫർണീച്ചർ,സ്ത്രീകൾക്ക് തൊഴിൽ പരിശീലനം തുടങ്ങിയ പ്രോജക്ടുകൾ ആവിഷ്കരിച്ചിട്ടുണ്ട്. |
| Iv | ആരോഗ്യം | 17.05.2022 | കുടുംബാരോഗ്യകേന്ദ്രത്തിന് ശാക്തീകരണം തുടങ്ങിയ പ്രവർത്തനങ്ങൾ |

| | | | |
|---|---|---|---|
| | | | ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. |
| V | പൊതുമരാമത്ത് | 17.05.2022 | ലാന്റ്സ്ട്രീറ്റ് ലൈറ്റുകളിൽ മീറ്റർ സ്ഥാപിക്കൽ നിർമ്മാണ പ്രവർത്തനത്തിന്റെ പരിശോധനകൾ നടന്നുവരുന്നു. |

സ്റ്റാറ്റസ് റിപ്പോർട്ട്

വാർഷികപദ്ധതി തയ്യാറാക്കുന്നതിന്റെ ഭാഗമായി, അവസ്ഥാരേഖ പരിഷ്കരിച്ചിട്ടുണ്ട്.

ഗ്രാമസഭ

പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 3.2.1(1) പ്രകാരം വികസന പരിപ്രേഷ്യവും കരട് പ്രോജക്ട് നിർദ്ദേശങ്ങളും തയ്യാറായാൽ ഗ്രാമസഭകൾ യോഗം ചേർന്ന് പ്രോജക്ട് നിർദ്ദേശങ്ങളുടെ മുൻഗണന നിശ്ചയിക്കണമെന്നുള്ളത് നിർബന്ധ വ്യവസ്ഥയാണ്. ഗ്രാമസഭ മിനിട്സ് പരിശോധിച്ചതിൽ വർക്കിംഗ് ഗ്രൂപ്പുകളുടെ കരട് പ്രോജക്ട് നിർദ്ദേശങ്ങൾ ചർച്ച ചെയ്തതല്ലാതെ നിർദ്ദേശങ്ങളുടെ മുൻഗണന നിശ്ചയിച്ചിട്ടില്ല.

ഖണ്ഡിക 3.1.2(ബി) 7 പ്രകാരം മുൻവാർഷിക പദ്ധതിയിൽ നടപ്പാക്കിയ പ്രോജക്ടുകളുടെ ചെലവ് കണക്കുകൾ ഫോറം 4-ൽ തയ്യാറാക്കി ഗ്രാമസഭയിൽ അവതരിപ്പിച്ചിട്ടില്ലെന്ന് അറിയിച്ചിട്ടുണ്ട്.

വായ്പ

മാർഗ്ഗരേഖ 3.4.1.8, 8(എ), (ബി) എന്നിവയുടെ അടിസ്ഥാനത്തിൽ വായ്പാ സാദ്ധ്യതകൾക്കായി, ബാങ്ക് പ്രതിനിധികളുടെ മീറ്റിംഗ് വിളിച്ചുകൂട്ടിയിങ്കിലും വായ്പകളൊന്നും ലഭ്യമായില്ലായെന്ന് അറിയിച്ചിട്ടുണ്ട്.

തൊഴിലുറപ്പ് പദ്ധതിയുടെ സംയോജനം

മാർഗ്ഗരേഖ 3.5.6.3 (എ) യുടെ അടിസ്ഥാനത്തിൽ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിച്ച്, തൻവർഷം തരിശ് ഭൂമിയിൽ നെൽകൃഷിക്ക് വരമ്പൊരുക്കൽ, ലൈഫ് ഭവന പദ്ധതിയിൽ ഗുണഭോക്താക്കൾക്ക് സോക്ക്പിറ്റ്, കമ്പോസ്റ്റ് പിറ്റ് എന്നിവ ഏറ്റെടുത്ത് നടപ്പാക്കിയിട്ടുണ്ട്.

കുടുംബശ്രീ

മാർഗ്ഗരേഖ 3.5.6.3 (ബി) യുടെ അടിസ്ഥാനത്തിൽ, പാഥേയം, ആശ്രയ കുടുംബശ്രീ പരിപാടികളുമായി സംയോജിപ്പിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

നൂതന പ്രോജക്ടുകൾ

മാർഗ്ഗരേഖ 3.8.5 (1) ന്റെ അടിസ്ഥാനത്തിലുള്ള നൂതന പ്രോജക്ടുകളൊന്നും തന്നെ തയ്യാറാക്കിയിട്ടില്ല.

CSR ഫണ്ട്

സാമൂഹ്യ പ്രതിബദ്ധത നിറവേറ്റുന്നതിന്റെ ഭാഗമായി വകയിരുത്തപ്പെടുന്ന Corporate Social Responsibility Fund (CSR Fund) ലഭ്യമായിട്ടില്ല. ബാങ്കുകളുമായി ചർച്ച ചെയ്തിട്ടുണ്ടെങ്കിലും പ്രസ്തുത ഫണ്ട് ലഭ്യമാക്കാൻ കഴിയാത്ത സാഹചര്യമാണെന്ന് അറിയിച്ചിട്ടുണ്ട്.

ആസ്തി രജിസ്റ്റർ

മാർഗ്ഗരേഖ 6.8 ന്റെ അടിസ്ഥാനത്തിൽ ആസ്തി സംരക്ഷണപദ്ധതി പ്രകാരം കാലികവും കൃത്യവുമായ രേഖകൾ ഉൾപ്പെടുത്തിയ ആസ്തിരജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. റോഡുകളുടെ സർവ്വേ നടന്നുകൊണ്ടിരിക്കുകയാണെന്നാണ് ഓഡിറ്റ് എൻക്വയറിയുടെ മറുപടിയിൽ അറിയിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ വികസനത്തിനും പുരോഗതിക്കും ഉതകുന്ന വിധത്തിൽ മാർഗ്ഗരേഖാ നിർദ്ദേശങ്ങൾ കൃത്യമായി പാലിച്ചു കൊണ്ട് പദ്ധതിപ്പണം പൂർണ്ണമായും ഉപയോഗിക്കുന്ന വിധത്തിൽ പദ്ധതി ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിൽ ഭരണസമിതി പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

## 1-6 ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശം

2022-23 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ക്ഷേമ പദ്ധതികളുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | തൊഴിൽ രഹിത വേതനം | 10080 | 14 |

| | | | |
|---|---|---|---|
| 2 | കർഷക തൊഴിലാളി പെൻഷൻ | 2916600 | 264 |
| 3 | വിധവ പെൻഷൻ | 18012400 | 1718 |
| 4 | വാർദ്ധക്യകാല പെൻഷൻ | 35753400 | 3547 |
| 5 | വികലാംഗ പെൻഷൻ | 5521800 | 507 |
| 6 | വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 480000 | 16 |
| 7 | 50 വയസ്സിനുമേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 814400 | 75 |

## 1-6-1 പെൻഷൻ വിതരണവുമായി ബന്ധപ്പെട്ട അപാകങ്ങൾ

പെൻഷൻ വിതരണവുമായി ബന്ധപ്പെട്ട് സേവന പെൻഷൻ സോഫ്റ്റ്‌വെയറിൽ നിന്നും ലഭ്യമാക്കിയ രേഖകൾ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. സേവന പെൻഷൻ സോഫ്റ്റ്‌വെയറിൽ മരണപ്പെട്ടതായി രേഖപ്പെടുത്തതിയിട്ടുള്ള പെൻഷൻ ഗുണഭോക്താക്കളുടെ പെൻഷൻ നാളിതുവരെ സസ്പെൻഡ് ചെയ്തിട്ടില്ല. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പെൻഷണറുടെ പേര് | പെൻഷണർ ഐ.ഡി | ക്ഷേമ പെൻഷൻ ഇനം | സ്റ്റാറ്റസ് | ഓഡിറ്റ് നിരീക്ഷണം |
|---|---|---|---|---|---|
| 1 | കൃഷ്ണൻ ആര് | 102640200574 | സാമൂഹ്യ സുരക്ഷ പെൻഷൻ(ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ) | ആക്റ്റീവ് | 2018 ആഗസ്റ്റ് മാസം മുതലുള്ള പെൻഷൻ തുക കൈമാറിയിട്ടില്ല<br>(ബിൽ റിമാർക്ക്സ്: Deceased )<br>മസ്റ്ററിങ് പൂർത്തീകരിക്കുകയോ / ഹോം മസ്റ്ററിങ്ങിന് അപേക്ഷ സമർപ്പിക്കുകയോ ചെയ്തിട്ടില്ലാത്തതിനാൽ പെൻഷൻ നിലവിൽ തടഞ്ഞ് വച്ചിരിക്കുന്നതായി രേഖപ്പെടുത്തിയിരിക്കുന്നു |
| 2 | സരസ്സമ്മ സി. | 102640600101 | ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ സ്കീം | ആക്റ്റീവ് | 2018 ഡിസംബർ മാസം മുതലുള്ള പെൻഷൻ തുക കൈമാറിയിട്ടില്ല<br>(ബിൽ റിമാർക്ക്: Deceased )<br>.മസ്റ്ററിങ് പൂർത്തീകരിക്കുകയോ / ഹോം മസ്റ്ററിങ്ങിന് അപേക്ഷ സമർപ്പിക്കുകയോ ചെയ്തിട്ടില്ലാത്തതിനാൽ പെൻഷൻ നിലവിൽ തടഞ്ഞ് വച്ചിരിക്കുന്നതായി രേഖപ്പെടുത്തിയിരിക്കുന്നു |

2. ചുവടെ ചേർക്കുന്ന പെൻഷൻ ഗുണഭോക്താക്കളുടെ പെൻഷൻ തുക വർഷങ്ങളായി കൈമാറിയിട്ടില്ല. ടി ഗുണഭോക്താക്കളുടെ പെൻഷൻ സസ്പെൻഡ് ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുമില്ല. ടി വിഷയത്തിൽ എന്തെങ്കിലും അന്വേഷണം നടത്തി തുടർനടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 22 ) മറുപടി ലഭ്യമാക്കിയില്ല.

| ക്രമ നം. | പെൻഷണറുടെ പേര് | പെൻഷണർ ഐ.ഡി | ക്ഷേമ പെൻഷൻ ഇനം | സ്റ്റാറ്റസ് | ഓഡിറ്റ് നിരീക്ഷണം |
|---|---|---|---|---|---|
| 1 | മണിയൻ നാടാർ ആർ | 102640201726 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | ആക്റ്റീവ് | 2019 ആഗസ്റ്റ് മാസം മുതലുള്ള പെൻഷൻ<br>മസ്റ്ററിങ് പൂർത്തീകരിക്കുകയോ / ഹോം മസ്റ്ററിങ്ങിന് അപേക്ഷ |

| ക്രമ നം. | പെൻഷണറുടെ പേര് | പെൻഷണർ ഐ.ഡി | ക്ഷേമ പെൻഷൻ ഇനം | സ്റ്റാറ്റസ് | ഓഡിറ്റ് നിരീക്ഷണം |
|---|---|---|---|---|---|
| | | | | | സമർപ്പിക്കുകയോ ചെയ്തിട്ടില്ലാത്തതിനാൽ നിലവിൽ തടഞ്ഞ് വച്ചിരിക്കുന്നു. |
| 2 | ഓമന | 102640600556 | ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ സ്കീം | ആക്ടീവ് | 2019 ആഗസ്റ്റ് മാസം മുതലുള്ള പെൻഷൻ<br>മസ്റ്ററിങ് പൂർത്തീകരിക്കുകയോ / ഹോം മസ്റ്ററിങ്ങിന് അപേക്ഷ സമർപ്പിക്കുകയോ ചെയ്തിട്ടില്ലാത്തതിനാൽ തടഞ്ഞ് വച്ചിരിക്കുന്നു. |

3. അരുവിക്കര ഗ്രാമ പഞ്ചായത്തിലെ മരണ രജിസ്റ്ററിൽ സൂക്ഷിച്ചിരിക്കുന്ന ആധാർ കാർഡിലെ വിവരങ്ങൾ സേവന സോഫ്റ്റ്‌വെയറിൽ പരിശോധിച്ചതിൽ ഗുണഭോക്താക്കൾക്ക് മരണശേഷവും സാമൂഹ്യ സുരക്ഷാ പെൻഷൻ നൽകിയിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പെൻഷണറുടെ പേര് | പെൻഷണർ ഐ.ഡി | പെൻഷൻ വിഭാഗം | പെൻഷൻ സ്റ്റാറ്റസ് | പ്രതിമാസ പെൻഷൻ | മരണപ്പെട്ട തീയതി | അവസാനമായി പെൻഷൻ നൽകിയ മാസം |
|---|---|---|---|---|---|---|---|
| 1 | രാജേന്ദ്രൻ | 102640201720 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | സസ്പെൻഡ് | 1600 | 23-09-2021 | 2022 നവംബർ വരെ |
| 2 | ഓമന ബി | 102640600678 | ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ സ്കീം | ആക്ടീവ് | 1600 | 20-06-2021 | 2023 ജൂൺ |
| 3 | നാരായണൻ നായർ | 102640201243 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | ആക്ടീവ് | 1600 | 22/12/21 | 2023 ജൂൺ |
| 4 | രാമകൃഷ്ണൻനായർ എസ് | 102640200776 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | സസ്പെൻഡ് | 1600 | 29/12/21 | 2022 ജൂൺ |
| 5 | സത്യനേശൻനാടാർ.എൻ | 102640202208 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | ആക്ടീവ് | 1600 | 08/01/22 | 2023 ജൂൺ |
| 6 | രഘുവരൻ നായർ കെ | 102640202023 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | ആക്ടീവ് | 1600 | 2-01-2022 | 2023 ജൂൺ |

| | | | | | | | |
|---|---|---|---|---|---|---|---|
| 7 | വിജയൻ | 101670215531 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | ആക്ടീവ് | 1600 | 10-01-2022 | 2022 ഏപ്രിൽ വരെ തുക അക്കൗണ്ടിൽ നിക്ഷേപിച്ചു. 2022- മെയ് മുതൽ 2023 ജൂൺ വരെയുള്ള പെൻഷൻ തുക അക്കൗണ്ടിൽ നിക്ഷേപിക്കാൻ സാധിച്ചിട്ടില്ല എന്ന് രേഖപ്പെടുത്തിയിരിക്കുന്നു (-No Such Account) |
| 8 | മണികണ്ഠൻ നായർ കെ | 102640201971 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | ആക്ടീവ് | 1600 | 7-01-2022 | 2023 ജൂൺ |
| 9 | ദേവദാനം വൈ | 102640202019 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | സസ്പെൻഡ് | 1600 | 23-01-2022 | 2022 ആഗസ്റ്റ് |
| 10 | ചെല്ലയ്യൻ നാടാർ | 102640100042 | കർഷക തൊഴിലാളി പെൻഷൻ | ആക്ടീവ് | 1600 | 2-2-2022 | 2023 ജൂൺ |

മരണശേഷവും പെൻഷൻ നല്കിയിരിക്കുന്നതിന് കൃത്യമായ വിശദീകരണം ലഭ്യമാക്കിയിട്ടില്ല. അധികമായി നല്കിയ തുക തിരികെ ഈടാക്കിയതിന്റെ വിശദാംശവും ലഭ്യമാക്കിയിട്ടില്ല.

4. അരുവിക്കര ഗ്രാമപഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്തിട്ടുള്ള ചുവടെ ചേർക്കുന്ന വ്യക്തികൾക്ക് മറ്റ് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ മരണശേഷവും പെൻഷൻ നൽകി വരുന്നു. ടി വ്യക്തികളുടെ മരണ വിവരം ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനത്തെ അറിയിച്ച് പെൻഷൻ റദ്ദ് ചെയ്യുന്നതിന് നടപടി സ്വീകരിക്കാൻ ആവശ്യപ്പെട്ടിട്ടില്ല.

| ക്രമ നം. | പെൻഷണറുടെ പേര് | പെൻഷണർ ഐ.ഡി | പെൻഷൻ വിഭാഗം | ജില്ല - പ്രാദേശിക സർക്കാർ/ക്ഷേമനിധി ബോർഡ് | പെൻഷൻ സ്റ്റാറ്റസ് | പ്രതിമാസ പെൻഷൻ | മരണപ്പെട്ട തീയതി | അവസാനമായി പെൻഷൻ നൽകിയ മാസം |
|---|---|---|---|---|---|---|---|---|
| 1 | എൽ.സരസ്വതി | 102750600294 | ഇന്ദിരാഗാന്ധി ദേശീയ വിധവ പെൻഷൻ സ്കീം | തിരുവനന്തപുരം കോർപ്പറേഷൻ | ആക്ടീവ് | 1600 | 21/12/21 | 2023 ജൂൺ |
| 2 | ശശിധരൻ നാടാർ | 101740206223 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | നെടുമങ്ങാട് മുനിസിപ്പാലിറ്റി | ആക്ടീവ് | 1600 | 22-10-2021 | 2022ഡിസംബർ വരെ തുക അക്കൗണ്ടിൽ നിക്ഷേപിച്ചു. 2023 ജനവരി മുതൽ 2023 ജൂൺ വരെയുള്ള പെൻഷൻ തുക അക്കൗണ്ടിൽ നിക്ഷേപിക്കാൻ സാധിച്ചിട്ടില്ല (Account Closed Or Transferred) |

മേൽ അപാകങ്ങൾ സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം .22 ന് കൃത്യമായ മറുപടി ലഭ്യമാക്കിയിട്ടില്ല .ധനകാര്യ വകുപ്പിന്റെ സർക്കുലർ നം. 63/2021/ധന. തീ. 2-08-2021 ലെ നിർദ്ദേശങ്ങൾ പ്രകാരം മരണപ്പെട്ട ഗുണഭോക്താക്കളെ പെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും സമയബന്ധിതമായി ഒഴിവാക്കാനുള്ള നടപടി ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറിമാർ സ്വീകരിക്കേണ്ടതാണെന്നും മരണപ്പെടുന്നവരെയും നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം അർഹരല്ലാത്തവരെയും ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും സമയബന്ധിതമായി ഒഴിവാക്കാത്തതു മൂഖേന സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടാകുന്ന പക്ഷം പ്രസ്തുത തുക ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറിയിൽ നിന്നും ഈടാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. മരണ രജിസ്ട്രേഷൻ സംബന്ധമായ രേഖകളിൽ തുടർ അന്വേഷണം നടത്തി അനർഹരെ പെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും ഒഴിവാക്കാൻ വേണ്ട നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്. മറ്റ് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നും പെൻഷൻ ലഭിച്ച് വന്നിരുന്നതും അരുവിക്കര ഗ്രാമ പഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്തിട്ടുള്ളതുമായ ഗുണഭോക്താക്കളുടെ പെൻഷൻ റദ്ദ് ചെയ്യുന്നതിന് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അറിയിപ്പ് നൽകേണ്ടതുമാണ്.

## 1-6-2 കുടുംബത്തിന്റെ വാർഷിക വരുമാനത്തിന് പകരം വ്യക്തിഗത വരുമാനത്തിന്റെ അടിസ്ഥാനത്തിൽ തൊഴിൽ രഹിത ആനുകൂല്യം അനുവദിച്ചു

2022-23 സാമ്പത്തിക വർഷം 14 ഗുണഭോക്താക്കൾക്ക് 720/- രൂപ വീതം ആകെ 10080/- രൂപ തൊഴിൽ രഹിത വേതനമായി ചെലവഴിച്ചിട്ടുണ്ട്. ഗുണഭോക്താക്കളുടെ അപേക്ഷയും അർഹതാ രേഖകളും പരിശോധനയ്ക്ക് ഹാജരാക്കാൻ ഓഡിറ്റ് എൻക്വയറി നമ്പർ 26/2022-23 വഴി ആവശ്യപ്പെട്ടതിനെ തുടർന്ന് ലഭ്യമാക്കിയ രേഖകൾ പരിശോധിച്ചതിൽ കുടുംബത്തിന്റെ വാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ ആനുകൂല്യം അനുവദിക്കുന്നതിന് പകരം വ്യക്തിഗത വരുമാനത്തിന്റെ അടിസ്ഥാനത്തിൽ തൊഴിൽ രഹിത വേതനം അനുവദിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വ്യക്തിഗത വരുമാനം 12000/- രൂപയിൽ കവിയാത്തവരായി വില്ലേജ് ഓഫീസർ സാക്ഷ്യപ്പെടുത്തിയിരിക്കുന്ന വ്യക്തികൾക്ക് തൊഴിൽ രഹിത വേതനം അനുവദിച്ച് നല്കിയിട്ടുണ്ട്. വിദ്യാർത്ഥികൾ അല്ലാത്തവരും എസ്.എസ്.എൽ സി യോ തത്തുല്യമായ പരീക്ഷയോ പാസായവരും വാർഷിക കുടുംബ വരുമാനം 12000/- രൂപയിൽ കവിയാത്തവരും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്ത് 18 വയസ്സിനു ശേഷം തുടർച്ചയായി മൂന്ന് വർഷം തൊഴിൽ ലഭിക്കാതെ രജിസ്ട്രേഷൻ നിലനിർത്തുന്നവരും അപേക്ഷിക്കുന്ന ദിവസം 35 വയസ്സ് കഴിയാത്തവരുമായ വ്യക്തികളെയാണ് 1998 ലെ കേരള തൊഴിൽ രഹിത വേതന ചട്ടങ്ങൾ പ്രകാരം തൊഴിൽ രഹിതരായി പരിഗണിക്കുക (സ.ഉ. പി. നം. 23/98/തൊഴിൽ, തീയതി 28-05-1998). വ്യക്തിഗത വരുമാനത്തിന്റെ മാത്രം അടിസ്ഥാനത്തിൽ തൊഴിൽ രഹിതവേതനം അനുവദിക്കുക ചട്ട വിരുദ്ധമാണ്. തൊഴിൽ രഹിത വേതന ചട്ട പ്രകാരം ആനുകൂല്യത്തിന് അർഹത ഇല്ലാത്തവരെ ഗുണഭോക്തൃ പട്ടികയിൽ നിന്നും ഒഴിവാക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

## 1-7 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 30.09.2023, 11.10 AM ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 9316/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തനിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തനിയന്ത്രണ സംവിധാനം കൂടുതൽ മെച്ചപ്പെടേണ്ടതുണ്ട് എന്ന് പരിശോധനയിൽ കാണുന്നു. ഓഫീസ് ഉത്തരവ് മുഖേന ജോലിവിഭജനം കൃത്യമായി നിർവ്വഹിച്ചിട്ടുണ്ട്. ടോക്കൺ സംവിധാനം പ്രവർത്തനക്ഷമമാണ്. എങ്കിലും താഴെപ്പറയുന്ന മേഖലകളിൽ കൂടുതൽ ശ്രദ്ധയൂന്നേണ്ടതുണ്ട്.

1)പദ്ധതി ആസൂത്രണ പ്രക്രിയയിൽ വിവിധ സമിതികളുടെ പങ്കാളിത്തം മെച്ചപ്പെടേണ്ടതുണ്ട്.

2) ഗുണഭോക്താക്കളുടെ മരണശേഷവും സാമൂഹ്യസുരക്ഷ പെൻഷൻ അനുവദിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

3) ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കിയിട്ടില്ല.

4) അങ്കണവാടികളുടെ ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതുണ്ട്.

5) സ്പിൽ ഓവർ പ്രോജക്ടുകൾ തൻവർഷവും നടത്തിയിട്ടില്ല.

6)തനതുവരുമാനശേഖരണം, രജിസ്റ്ററുകളുടെ പരിപാലനം എന്നിവ കൂടുതൽ ശ്രദ്ധിക്കേണ്ടതുണ്ട്.

## 1-9 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് | നീക്കിയിരുപ്പ് RP 40(b), B4 എന്നിവ |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | | | | | പ്രകാരം |
| ഭരണചെലവുകൾ | 12000 | 966350 | 978350 | 969368 (I-14(f) പ്രകാരം) | 8982 | 10732* |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്** | - | 967618 | 967618 | 967618 | -- | -- |

*RP 40(b) പ്രകാരമുള്ള നീക്കിയിരുപ്പ് (10732/-) വാർഷിക ധനകാര്യ പത്രികയിലെ വരവ് ചെലവുകളുടെ നീക്കിയിരുപ്പായി വരേണ്ടിയിരുന്ന തുകയുമായി (8982/-) പൊരുത്തപ്പെടുന്നില്ല.

** I-6 പ്രകാരം 967618/- രൂപയാണ് വരവ് ബുക്ക് ചെയ്തിരിക്കുന്നത്.എന്നാൽ ചെലവ് (I-14(c)+ I-14(f)) 969368/- രൂപയാണ് വാർഷിക ധനകാര്യ പത്രികയിൽ ബുക്ക് ചെയ്തിരിക്കുന്നത്.

## 1-9-1 തൊഴിലുറപ്പ് പദ്ധതി അപാകതകൾ

2022-23 സാമ്പത്തിക വർഷം പണിപൂർത്തീകരിക്കുകയും തുക കൈമാറുകയും ചെയ്ത മെറ്റീരിയൽ പ്രവൃത്തികളിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. പ്രവൃത്തികളുടെ എസ്റ്റിമേറ്റ് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല
2. കരാറുക്കാരനിൽ നിന്ന് മെറ്റീരിയലുകൾ കൈപ്പറ്റി സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.
3. മെറ്റീരിയലുകൾ മേറ്റിന് കൈമാറിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.
4. ടെണ്ടർ കുറവ് കരാറുക്കാരിൽ നിന്നും ഈടാക്കിയിട്ടില്ല .

വിവിധ മെറ്റീരിയൽ പ്രവൃത്തികൾക്കായി ടെണ്ടർ മുഖേന മെറ്റീരിയൽ സപ്ലെ ചെയ്യുന്നതിനായി കരാറിലേർപ്പെട്ട കരാറുക്കാരുടെ ബില്ലിൽ നിന്നും ടെണ്ടർ കുറവ് വരുത്തിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തിയുടെ പേര് | കരാറുക്കാരന്റെ പേര് | ക്വാട്ട് ചെയ്ത നിരക്ക് | മെറ്റീരിയൽ ഇനത്തിൽ നൽകിയ തുക | ഈടാക്കേണ്ടിയിരുന്ന തുക |
|---|---|---|---|---|
| കളത്തറ വേങ്കുഴി കുരിശടി റോഡ് കോൺക്രീറ്റിംഗ് (RC/345245) | ശശിധരൻനായർ | 0.1% കുറവ് | 425946 | 426 |
| ഇറയംകോട് എലിക്കോട് വഴി മാവിറവിള റോഡ് കോൺക്രീറ്റ് (RC/350523) | അഷ്ടജ മോഹൻ | 0.04% കുറവ് | 392552 | 157 |
| പാണ്ടിയോട് വാർഡിലെ മുതലാറ്റ് ഉള്ളാടം റോഡ് കോൺക്രീറ്റ് ചെയ്ത് സഞ്ചാരയോഗ്യമാക്കൽ (RC/350546) | രാമചന്ദ്രൻനായർ | 0.1% കുറവ് | 414060 | 414 |
| പാണ്ടിയോട് വാർഡിലെ മരുതാംകോട് ചിറ്റാച്ചിറ റോഡ് കോൺക്രീറ്റ് (RC/350541) | രാമചന്ദ്രൻനായർ | 0.25% കുറവ് | 356493 | 891 |
| അഴികോട് വെഞ്ഞമ്പി പൂവണംകുഴി ഇടറോഡ് കോൺക്രീറ്റ് ചെയ്യൽ (RC/346481) | രാംകുമാർ.എസ്.പി | 0.1% കുറവ് | 414623 | 415 |
| കളത്തറ പ്ലാച്ചിവഞ്ഞിപ്പുഴ മൺറോഡ് കോൺക്രീറ്റ് (RC/345241) | രാംകുമാർ.എസ്.പി | 0.1% കുറവ് | 424786 | 425 |
| ചരുവിളകല്ലുവരമ്പ് കരിങ്കുറ്റി റോഡ് നിർമ്മാണം (RC/352054) | ശശിധരൻനായർ | 0.1% കുറവ് | 387195 | 387 |
| കലമാനൂർ വാഴവിള തടം കോൺക്രീറ്റിംഗ് (RC/352052) | ശശിധരൻനായർ | 1% കുറവ് | 372841 | 3728 |

5. കരാറുകാർക്ക് സിമന്റിന് മാർക്കറ്റ് വിലയേക്കാൾ അധികം തുക അനുവദിച്ചു

തൊഴിലുറപ്പുപദ്ധതി പ്രകാരം നിർവ്വഹണം നടത്തിയ മെറ്റീരിയൽ പ്രവൃത്തികളുടെ വിശദമായ എസ്റ്റിമേറ്റ് പരിശോധിച്ചപ്പോൾ കോഡ് 0367 പ്രകാരം ഒരു ടൺ സിമന്റിന് 11520/- രൂപയാണ്. ഇത് പ്രകാരം 50 കിലോയുള്ള ഒരു

പായ്ക്കറ്റ് സിമന്റിന്റെ വില 576/- രൂപ വരും. ഇതാണെങ്കിൽ മാർക്കറ്റ് നിരക്കിനേക്കാൾ വളരെയധികം ഉയർന്ന നിരക്കമാണ്.17.08.2022 ലെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (കേരളം) മിഷൻ ഡയറക്ടറുടെ കത്തിൽ, ആലപ്പുഴ ഓംബുഡ്സ്മാന്റെ 08.07.2022 തിയതിയിലെ OMB/ALP/AW20/2022 നമ്പർ അവാർഡിന്റെ അടിസ്ഥാനത്തിൽ സിമന്റിന് സെക്യൂർ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തിയിരിക്കുന്ന ലോക്കൽ മാർക്കറ്റ് നിരക്കായി രേഖപ്പെടുത്തിയിരിക്കുന്നത് പാക്കറ്റിന് ₹ 630/- രൂപയാണെന്നും, എന്നാൽ യഥാർത്ഥ മാർക്കറ്റ് നിരക്ക് പാക്കറ്റിന് ₹ 430-ൽ താഴെയാണെന്നതിനാലും, പാക്ക്ഡ് കമ്മോഡിറ്റിയായ സിമന്റിന് പാക്കറ്റിൽ രേഖപ്പെടുത്തിയ പരമാവധി തുകയേക്കാൾ അധികം നല്കി വാങ്ങാനാവില്ലെന്നതിനാലും, സാധന സാമഗ്രികൾ വിതരണം ചെയ്യുന്നതിന് ടെണ്ടർ എടുക്കുന്ന കരാറുകാരൻ, സിമന്റ് വിതരണം ചെയ്യുമ്പോൾ നൽകുന്ന GST ബില്ലിൽ, നൽകുന്ന ബ്രാന്റിന്റെ പേരും, യൂണിറ്റ് നിരക്ക്, പാക്കറ്റുകളുടെ എണ്ണം എന്നിവ രേഖപ്പെടുത്തണമെന്നും, ആയതിന്റെ അടിസ്ഥാനത്തിൽ യഥാർത്ഥ മാർക്കറ്റ് നിരക്ക് മാത്രം അനുവദിക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്.പ്രസ്തുത നിബന്ധന പാലിച്ചിട്ടില്ല.

6. ജി.എസ്.ടി സ്രോതസ്സിൽ നിന്നും കുറവ് ചെയ്തിട്ടില്ല

2017-ലെ ജി.എസ്.ടി നിയമം വകുപ്പ് 51 പ്രകാരം 2.5 ലക്ഷം രൂപയ്ക്ക് തുലയമോ അതിന് മുകളിലോ മൂല്യമുള്ള വ്യാപാരങ്ങൾക്കും സേവനങ്ങൾക്കും ബന്ധപ്പെട്ട വിതരണക്കാരൻ/വ്യാപാരിയിൽ നിന്ന് 2% തുക ജി.എസ്.ടി ഇനത്തിൽ ഉറവിടത്തിൽ നിന്ന് കുറവ് ചെയ്യേണ്ടതാണ്.തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടറുടെ 30.07.2019-ലെ നമ്പർ 957/ഇ.ജി.എസ്-സി/16/ആർ.ഇ.ജി.എസ് സർക്കുലർ പ്രകാരം തൊഴിലുറപ്പ് പദ്ധതിയുടെ എല്ലാ സാമ്പത്തിക ഇടപാടുകളും നടത്തുന്ന എം.ഐ.എസിൽ ജി.എസ്.ടി തുക ഉറവിടത്തിൽ നിന്ന് കുറവ് ചെയ്യുന്നതിന് സൌകര്യം ലഭ്യമാകുന്നതുവരെ അന്തിമ ബിൽ പ്രകാരമുള്ള ജി.എസ്.ടി തുക വെണ്ടർ/സപ്ലെയർ ഗ്രാമപഞ്ചായത്തിൽ നേരിട്ട് ഒടുക്കുമെന്ന് ഉറപ്പാക്കി ബില്ല് സെറ്റിൽ ചെയ്യാവുന്നതും ജി.എസ്.ടി തുക വകുപ്പിൽ യഥാസമയം അടയ്ക്കേണ്ടതുമാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത നിബന്ധന പാലിക്കാതെ കരാറുക്കാരന് തുക അനുവദിച്ചതായികാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.പ്രവൃത്തിയുടെ പേര്

| പ്രവൃത്തിയുടെ പേര് | കരാറുക്കാരന്റെ പേര് | മെറ്റീരിയൽ ഇനത്തിൽ നൽകിയ തുക | ഈടാക്കേണ്ട ജി.എസ്.ടി തുക (2%) |
|---|---|---|---|
| കളത്തറ വേങ്കുഴി കുരിശടി റോഡ് കോൺക്രീറ്റിംഗ് (RC/345245) | ശശിധരൻനായർ | 425946 | 8518 |
| ഇറയംകോട് എലിക്കോട് വഴി മാവിറവിള റോഡ് കോൺക്രീറ്റ് (RC/350523) | അഷ്ടജ മോഹൻ | 392552 | 7851 |
| പാണ്ടിയോട് വാർഡിലെ മുതലാറ്റ് ഉള്ളാടം റോഡ് കോൺക്രീറ്റ് ചെയ്ത് സഞ്ചാരയോഗ്യമാക്കൽ (RC/350546) | രാമചന്ദ്രൻനായർ | 414060 | 8281 |
| പാണ്ടിയോട് വാർഡിലെ മരുതാംകോട് ചിറ്റാച്ചിറ റോഡ് കോൺക്രീറ്റ് (RC/350541) | രാമചന്ദ്രൻനായർ | 356493 | 7129 |
| അഴികോട് വെഞ്ചമ്പി പൂവണംകുഴി ഇടറോഡ് കോൺക്രീറ്റ് ചെയ്യൽ (RC/346481) | രാംകുമാർ.എസ്.പി | 414623 | 8292 |
| കളത്തറ പ്ലാച്ചിവഞ്ഞിപ്പുഴ മൺറോഡ് കോൺക്രീറ്റ് (RC/345241) | രാംകുമാർ.എസ്.പി | 424786 | 8495 |
| ചരുവിളകല്ലുവരമ്പ് കരിങ്കുറ്റി റോഡ് നിർമ്മാണം (RC/352054) | ശശിധരൻനായർ | 387195 | 7743 |
| കലമാനൂർ വാഴവിള തടം കോൺക്രീറ്റിംഗ്(RC/352052) | ശശിധരൻനായർ | 3728841 | 7457 |

പ്രസ്തുത അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം- 24/2022-23 -ന് മറുപടി ലഭ്യമാക്കിയ മറുപടിയിൽ തുകകൾ ഈടാക്കുന്നതിന് കത്ത് നൽകിയതായി അറിയിക്കുകയുണ്ടായി. അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | ഓഡിറ്റ് നടത്തിയ തിയതി | കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 30.03.2022 | 2/22 | ലഭിച്ചിട്ടില്ല |

| | | | |
|---|---|---|---|
| ഏ.ജി. ഓഡിറ്റ് | 22.08.2022 | 2019-2020 | 30.05.2022 |

## 1-11 തനത് വരുമാനം സംബന്ധിച്ച നിരീക്ഷണം

നികുതി- നികുതിയേതര വരവിന്റെ സമാഹരണത്തിലെ കാര്യക്ഷമതാ വിശകലനത്തിനായി ഗ്രാമ പഞ്ചായത്തിന് നൽകിയ ഓഡിറ്റ് എൻക്വയറി നം. 1 ന് ലഭ്യമാക്കിയ മറുപടിയുടെയും രേഖാ പരിശോധനയുടെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയ അവസ്ഥാ വിശകലനം ചുവടെ ചേർക്കുന്നു.

1) സാമ്പത്തിക വർഷാരംഭത്തിൽ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി പുതിയ തനതുവരുമാന സ്രോതസ്സുകൾ കണ്ടെത്തിയിട്ടില്ല. പുതിയ തനതുവരുമാന സ്രോതസ്സുകൾ കണ്ടെത്തി അധിക തുക തനത് ഫണ്ടിൽ മുതൽക്കൂട്ടുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ക്രിയാത്മകമായ ഇടപെടൽ നടത്തേണ്ടതാണ്. കണ്ടെത്തിയ സ്രോതസ്സുകൾ ബജറ്റിൽ ഉൾപ്പെടുത്തുകയും ആയത് സമാഹരിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കേണ്ടതുമാണ്

2) തനതു വരുമാനങ്ങൾ (നിലവിൽ ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്) പിരിച്ചെടുക്കാൻ ധനകാര്യസ്റ്റാൻഡിംഗ് സ്വീകരിച്ച നടപടികളുടെ വിവരം ഓഡിറ്റ് എൻക്വയറി മുഖേന അന്വേഷിച്ചതിന് തനത് വരുമാനം എല്ലാ മാസവും ആദ്യ യോഗത്തിൽ വിലയിരുത്തി സാമ്പത്തിക വർഷാരംഭത്തിൽ തന്നെ കുടിശ്ശിക പിരിച്ചെടുക്കുന്നതിനും ലൈസൻസ് എടുക്കാത്ത സ്ഥാപനങ്ങളെ ലൈസൻസ് എടുപ്പിക്കുന്നതിനും ക്യാമ്പ് കളക്ഷൻ നടത്തുന്നതിന് ശിപാർശ ചെയ്യുന്നതിന് തീരുമാനിക്കുകയും ചെയ്തിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. തനത് വരുമാനം പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കേണ്ടതുണ്ട്. ഗ്രാമ പഞ്ചായത്തിന്റ ബാലൻസ് ഷീറ്റ് പ്രകാരം വിവിധ തനത് വരുമാനങ്ങളിൽ നിന്നായി 15,78,041 രൂപ പിരിച്ചെടുക്കാൻ അവശേഷിക്കുന്നുണ്ട്. ആയത് കൃത്യമായി പിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

3) തനത് വരുമാനമായി ലഭിക്കുന്ന ഇനങ്ങളിൽ മാർച്ച് 31-ന് ലഭിക്കേണ്ട കുടിശ്ശികയായ തുകയുടെ വിവരം ഇനം, വർഷം തിരിച്ച് ലഭ്യമാക്കാൻ ഓഡിറ്റ് അന്വേഷണം വഴി ആവശ്യപ്പെട്ടെങ്കിലും ലഭിച്ച മറുപടി കൃത്യമല്ല. സാമ്പത്തിക മാനേജ്മെന്റിന്റെ ക്രമമായ പുരോഗതിയ്ക്കായി തനത് വരുമാനത്തിലെ കുടിശ്ശികയും അത് ഏത് കാലയളവിലെ കുടിശ്ശികയാണെന്നും സൂചിപ്പിക്കുന്ന ഒരു രജിസ്റ്റർ തയ്യാറാക്കി പരിപാലിക്കുകയും തനത് വരുമാനത്തിലെ കുടിശ്ശികകൾ സമയബന്ധിതമായി പിരിച്ചെടുക്കേണ്ടതുമാണ്

4) 1-4-2023-ലെ വസ്തു നികുതി പരിഷ്കരണ നിരക്കുകൾ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ 26-07-2023 ലെ 1ാം നമ്പർ തീരുമാനം പ്രകാരം നടപ്പിലാക്കിയിട്ടുണ്ടെന്ന് അറിയിച്ചെങ്കിലും വസ്തു നികുതി പരിഷ്കരണം/ ഡേറ്റാ എൻട്രി എന്നിവയ്ക്കായി എടുത്തിട്ടുള്ള ഉദ്യോഗാർത്ഥികൾക്കും ഉദ്യോഗസ്ഥർക്കും 12/07/2023 ന് ട്രയിനിംഗ് നൽകുകയും ആഗസ്റ്റ് മാസം ആദ്യം മുതൽ ഫീൽഡിൽ ഇറങ്ങി വസ്തു നികുതി പരിഷ്കരണ തുടർ നടപടികൾ സ്വീകരിക്കുന്നതിന് തീരുമാനമെടുത്തതുമായും ബന്ധപ്പെട്ടതാണ് ടി കമ്മിറ്റി തീരുമാനം. നികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

5)തനത് വരവ് രജിസ്റ്ററുകൾ സ്റ്റാൻഡിംഗ് കമ്മിറ്റി 7-04-2022, 9-05-2022, 07-06-2022 , 10-08-2022 മുതലായ തീയതികളിൽ പരിശോധിച്ചതായി അറിയിച്ചെങ്കിലും പരിശോധന നടത്തിയതായി അറിയിച്ചിട്ടുള്ള തീയതികളിൽ രജിസ്റ്ററുകളിൽ യാതൊരുവിധ സാക്ഷ്യപ്പെടുത്തലും നടത്തിയിട്ടില്ല. കൃത്യമായ ഇടവേളകളിൽ തനത് വരുമാനം സംബന്ധിച്ച രജിസ്റ്റർ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിച്ച് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്

6) ബജറ്റിലെ പ്രതീക്ഷിത വസ്തു നികുതി വരവ് ,ILGMS (വാർഷികധനകാര്യപത്രിക) വരവ്,സഞ്ചയ പ്രകാരമുള്ള വരവ് എന്നിവയുമായി പൊരുത്തപ്പെടുന്നുണ്ട് എന്നതാണ് ഗ്രാമപഞ്ചായത്തിന്റെ മറുപടിയെങ്കിലും സഞ്ചയ പ്രകാരമുള്ള വരവ് വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല. അരിയർ ഉൾപ്പെടെ 4756865 രൂപയാണ് സഞ്ചയ ഡി.സി.ബി സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തൻവർഷത്തെ വരവ് . (ലൈബ്രറി സെസ് ഉൾപ്പെടെ 4998914 രൂപ). റെസീപ്റ്റ് ആൻഡ് പേയ്മെന്റ് പ്രകാരം 5653475 രൂപയാണ് തൻ വർഷത്തെ കളക്ഷൻ (അരിയർ ഉൾപ്പെടെ)

7) 1-4-2023-ലെ പരിഷ്കരിച്ച വസ്തുനികുതി നിരക്കുകൾ നടപ്പിലാക്കുന്നത് സംബന്ധിച്ച് സ്വീകരിച്ച നടപടികൾ വിശദീകരിക്കുന്നതിന് ഓഡിറ്റ് അന്വേഷണം വഴി ആവശ്യപ്പെട്ടതിന് വിവരണ ശേഖരണം 2 വാർഡുകളിൽ നടന്ന് വരുന്നു എന്നാണ് നല്കിയ മറുപടി . വസ്തു നികുതി പരിഷ്കരണം സമ്പന്ധിച്ച നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

8) തദ്ദേശസ്ഥാപനം 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും ചട്ടങ്ങൾ ) ചട്ടം 7 പ്രകാരം മേഖലാ വിഭജനം നടത്തി വിവരം പ്രസിദ്ധീകരിച്ചിട്ടില്ല. മേഖലാ വിഭജനവുമായി ബന്ധപ്പെട്ട മാപ്പ് തയ്യാറാക്കി സൂക്ഷിച്ചിട്ടുമില്ല. 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 7 ൽ ഓരോ ഗ്രാമപഞ്ചായത്തും അടിസ്ഥാന വസ്തു നികുതിയിന്മേൽ വരുത്തേണ്ട ഇളവുകൾക്കും വർദ്ധനവുകൾക്കുമായി ഗ്രാമപഞ്ചായത്തിന്റെ ഭൂപ്രദേശം മുഴുവൻ പ്രഥമ മേഖലകൾ ദ്വിതീയ മേഖലകൾ , തൃതീയ മേഖലകൾ എന്നിങ്ങനെ തരം തിരിക്കേണ്ടതും മേഖലകളെ സംബന്ധിച്ച വിവരങ്ങൾ ഗ്രാമപഞ്ചായത്തിന്റെ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല. മേഖലാ വിഭജനവുമായി ബന്ധപ്പെട്ട മാപ്പ് തയ്യാറാക്കി അറിയിക്കേണ്ടതാണ്.

9) തദ്ദേശസ്ഥാപനത്തിന്റെ അനുമതിയില്ലാതെയും,അനുമതി വാങ്ങിയശേഷവും കൂടുതൽ വിസ്തീർണം വർദ്ധിപ്പിച്ച് ഉണ്ടാകുന്ന കെട്ടിടങ്ങളുടെ നികുതി ചോർച്ച കണ്ടെത്തിയ ഫീൽഡ് തല അന്വേഷണവിവരങ്ങൾ ആവശ്യപ്പെട്ടതിന് നിലവിൽ വസ്തു നികുതി പരിഷ്കരണം നടന്ന് വരുന്നു, പൂർത്തിയാക്കിയിട്ടില്ല എന്നാണ് ലഭിച്ച മറുപടി. മറുപടിയിൽ വ്യക്തതക്കുറവുണ്ട്.

ഫീൽഡ് തല അന്വേഷണം കാര്യക്ഷമമായി നടപ്പിലാക്കി നികുതി ചോർച്ച ഒഴിവാക്കേണ്ടതാണ്.

10 ) തദ്ദേശ സ്ഥാപന പരിധിയിൽ സ്ഥാപിച്ചിട്ടുള്ള എല്ലാ മൊബൈൽ ടവറുകളിൽ നിന്നും 02.02.2022 ലെ RD3/94 /2020/ത.സ്വ.ഭ.വ സർക്കുലർ പ്രകാരമുള്ള നികുതി കുടിശ്ശികയില്ലാതെ ഈടാക്കിയിട്ടുണ്ടോ എന്ന ചോദ്യത്തിന് കുടിശ്ശിക ഉള്ളതിന് റെവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് മറുപടി നല്കിയെങ്കിലും ബന്ധപ്പെട്ട രേഖകൾ ഓഡിറ്റ് വേളയിൽ ലഭ്യമാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കേണ്ടതും തുടർ നടപടി വിവരം അറിയിക്കേണ്ടതുമാണ്.

11) തദ്ദേശ സ്ഥാപനം നൽകുന്ന വിവിധ സേവനങ്ങൾക്കുള്ള സേവന ഉപനികുതി (കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും ചട്ടങ്ങൾ) ചട്ടം 26 പ്രകാരം ചുമത്തിയിട്ടില്ല . 2011 ലെ കേരള പഞ്ചായത്ത്രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26,27,28 എന്നിവ പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്തെ സേവന ഉപനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടില്ലാത്ത ഏതൊരു കെട്ടിടത്തിന്റെയും ഉടമസ്ഥനിൽ നിന്നും പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം , ജലവിതരണം തെരുവു വിളക്കുകൾ, ഡ്രെയിനേജ് എന്നിങ്ങനെയുള്ള സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്. സേവനങ്ങൾ ലഭ്യമാക്കാത്ത കെട്ടിടങ്ങളെ സേവന ഉപനികുതിയിൽ നിന്നും ഒഴിവാക്കാവുന്നതാണ്. തനത് വരുമാനം വർധിപ്പിക്കുന്നതിന് സേവന ഉപനികുതിയുടെ സാധ്യത പരിശോധിക്കാവുന്നതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ടി വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

12) നികുതിയിളവ് നൽകിയ കെട്ടിടങ്ങുടെ വിവരങ്ങൾ അടങ്ങിയ രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല. ആയത് സഞ്ചയ സോഫ്റ്റ്‌വെയറിൽ ലഭ്യമാണ് എന്നതാണ് ലഭിച്ച മറുപടി. നികുതിയിളവ് നൽകുന്നതുമായി ബന്ധപ്പെട്ട് പ്രത്യേക രജിസ്റ്ററുകൾ സെക്രട്ടറിയുടെ സാക്ഷ്യപ്പെടുത്തലോട് കൂടി സൂക്ഷിക്കേണ്ടതാണ്

13) തദ്ദേശസ്ഥാപന പരിധിയിലെ സർക്കാർ/കേന്ദ്ര സർക്കാർ കെട്ടിടങ്ങളുടെ വിവരം ക്രോഡീകരിച്ച് സൂക്ഷിക്കുകയും കേന്ദ്ര സർക്കാർ സ്ഥാപനങ്ങളിൽ നിന്നും സർവ്വീസ് ചാർജ് (കേരള പഞ്ചായത്ത് രാജ് സേവനഉപനികുതിയും സർചാർജ് ചട്ടങ്ങൾ ചട്ടം 30 പ്രകാരം )ഈടാക്കുകയും ചെയ്തിട്ടില്ല. തദ്ദേശസ്ഥാപന പരിധിയിലെ സർക്കാർ/കേന്ദ്ര സർക്കാർ കെട്ടിടങ്ങളുടെ വിവരം ക്രോഡീകരിച്ച് സൂക്ഷിക്കേണ്ടതും പ്രസ്തുത കെട്ടിടങ്ങൾക്ക് ലഭ്യമാക്കുന്ന, സേവനങ്ങളുടെ അടിസ്ഥാനത്തിൽ സർവ്വീസ് ചാർജ്ജ് ചുമത്താവുന്നതുമാണ്

14) തദ്ദേശ സ്ഥാപനത്തിലെ മുഴുവൻ കെട്ടിടങ്ങളും ഓരോ വർഷവും സെക്രട്ടറിയോ ,സെക്രട്ടറി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ സാമ്പത്തിക വർഷാവസാനത്തിന് മുമ്പ് പരിശോധിച്ച് സഞ്ചയയിലെ വിവരങ്ങളുമായി പൊരുത്തപ്പെടുന്നുവെന്ന് ഉറപ്പുവരുത്തിയിട്ടുണ്ടോ എന്ന ചോദ്യത്തിന് അത്തരത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കിയെങ്കിലും ആയത് സാധൂകരിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ടി വിഷയത്തിൽ വിശദമായ മറുപടി അനുബന്ധ രേഖകൾ സഹിതം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

15) മരാമത്ത് പ്രവൃത്തി ഏറ്റെടുത്ത് 60 ദിവസത്തിലധികം പ്രവൃത്തി നിർവ്വഹിച്ച കരാറുകാർ തൊഴിൽ നികുതി അടവാക്കിയിട്ടില്ല. കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട് എന്നതാണ് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ലഭിച്ച മറുപടി . ഗ്രാമപഞ്ചായത്തിൽ വിവിധ കരാർ പ്രവർത്തികൾ ഏറ്റെടുത്ത് 60 ദിവസത്തിലധികം പ്രവൃത്തി നിർവ്വഹിച്ചിട്ടുള്ള കരാറുകാരുടെ പട്ടിക ലഭ്യമാക്കുകയും ബന്ധപ്പെട്ടവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി അറിയിക്കേണ്ടതുമാണ്.

16) അമ്യൂസ്മെന്റ് പാർക്ക്,ടർഫ് കോർട്ട്,ഇൻഡോർ ക്ലബ് ./സ്റ്റേഡിയം,നീന്തൽക്കുളങ്ങൾ,കേബിൾ ,ടി.വി നെറ്റ് വർക്ക്,ഹൌസ് ബോട്ടുകൾ,പ്രദർശന വിപണന മേളകൾ എന്നിവയിൽ നിന്നും വിനോദനികുതി ഈടാക്കുന്നതിനുള്ള സാധ്യത ധനകാര്യസ്റ്റൻഡിംഗ് കമ്മിറ്റിയോ,ഭരണസമിതിയോ ശുപാർശ ചെയ്തിട്ടുണ്ടോ എന്ന ചോദ്യത്തിന് അത്തരത്തിൽ നടപടി സ്വീകരിച്ചിട്ടില്ല എന്ന് അറിയിച്ചിട്ടുണ്ട്. വിനോദനികുതി ഈടാക്കുന്നതിനുള്ള സാധ്യത പരിശോധിച്ച് പ്രസ്തുത വിവരം സർക്കാരിനോട് ശിപാർശ ചെയ്യാവുന്നതാണ്.

17) കുളങ്ങൾ,മാർക്കറ്റുകൾ,ഫലവൃക്ഷങ്ങൾ എന്നിവ കൃത്യസമയത്ത് ലേലം ചെയ്ത് നൽകി മുഴുവൻ തുകയും വരവായി സ്വീകരിച്ചിട്ടുണ്ടോ എന്ന അന്വേഷണത്തിന് മാർക്കറ്റുകൾ ലേലം പുനർലേലം എന്നിവ ചെയ്തുവെങ്കിലും ആരും ലേലം കൊണ്ടില്ല എന്ന് മറുപടി അറിയിച്ചിട്ടുണ്ട്. ലേലം സംബന്ധിച്ച് കൃത്യമായ പരസ്യം നല്കി കുളങ്ങൾ,മാർക്കറ്റുകൾ,ഫലവൃക്ഷങ്ങൾ എന്നിവ ലേലം ചെയ്ത് നൽകി പ്രസ്തുത തുക തനത് ഫണ്ടിൽ മുതൽക്കൂട്ടുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്

ബജറ്റിൽ നിർദ്ദേശിച്ചിട്ടുള്ള വിഭവങ്ങൾ നിശ്ചിത സമയ പരിധിയ്ക്കുള്ളിൽ സമാഹരിച്ചിട്ടുണ്ടെന്നും മുൻവർഷങ്ങളിലെയോ തൻ വർഷത്തെയോ വരവിനങ്ങളൊന്നും സാമ്പത്തിക വർഷാവസാനത്തിൽ പിരിച്ചെടുക്കാൻ അവശേഷിക്കുന്നില്ലെന്നും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പാക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിന്റെ വരവ് വർധിപ്പിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിക്കുവാനും പുതിയ ധനാഗമ മാർഗ്ഗങ്ങൾ കണ്ടെത്തുവാനും നികുതി ചോർച്ച തടയാനും കുടിശ്ശിക പിരിച്ചെടുക്കാനും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഫലപ്രദമായ ഇടപെടൽ ഉണ്ടാകേണ്ടതുമാണ്.

## 1-12 തനത് വരുമാനം കൃത്യമായി പിരിച്ചെടുക്കാത്തതിനാൽ വികസനഫണ്ടിൽ നിന്നും 235880/- രൂപ നഷ്ടമായി

ഡിമാന്റ് ചെയ്യപ്പെടുന്ന തനത് വരുമാനത്തിന്റെ 90% എങ്കിലും ശേഖരിക്കാത്ത പ്രാദേശിക സർക്കാരുകളുടെ വികസന ഫണ്ടിൽ നിന്നും ഒരു ശതമാനം കുറവ് ചെയ്യുന്നതിന് ജി.ഒ(എം.എസ്)നം. 179/2022/ഫിൻ തീ. 18/10/2022 ൽ തീരുമാനം എടുത്തിട്ടുണ്ട്. പ്രാദേശിക സർക്കാരുകൾക്ക് 2022-23 സാമ്പത്തിക വർഷത്തെ വികസനഫണ്ടിന്റെ മൂന്നാം ഗഡു സ.ഉ.(സാധാ) നം. 1049/2023/ ധന തീ. 13-02-2023 പ്രകാരം ലഭ്യമാക്കിയതിൽ അരുവിക്കര ഗ്രാമപഞ്ചായത്തിന്റെ വികസനഫണ്ടിൽ നിന്നും 235880/- രൂപ മേൽ ഉത്തരവ് പ്രകാരം കുറവ് ചെയ്തിട്ടുണ്ട്. തനത് വരുമാനം കാര്യക്ഷമമായി പിരിച്ചെടുക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 8 ന് നികുതി പിരിവ് ഊർജ്ജിതമായി നടക്കവെ 2023 ജനവരി മാസം 2 ക്ലർക്കുമാർക്ക് സ്ഥലം മാറ്റം ലഭിച്ച് പോയതിനാൽ നികുതി പിരിവിന്റെ ഉത്തരവാദിത്തം പഞ്ചായത്തിലെ ബാക്കിയുള്ള 2 ക്ലർക്കുമാരുടെ ചുമലിൽ വന്നതുകാരണം ഫീൽഡിൽ പോയി കൃത്യമായി നികുതി പിരിച്ചെടുക്കാൻ കഴിഞ്ഞില്ലെന്ന് മറുപടി അറിയിച്ചിട്ടുണ്ട്.

പ്രതീക്ഷിത വരവും യഥാർത്ഥ വരുമാനവും തമ്മിലുള്ള അന്തരം കുറയ്ക്കുന്നതിന് സ്റ്റാന്റിംഗ് കമ്മിറ്റി സജീവ ഇടപെടൽ നടത്തേണ്ടതാണ്. തനത് വരുമാനം പിരിച്ചെടുക്കുന്നതിലെ കുറവ് ഗ്രാമപഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുമെന്നതിനാൽ തനത് വരുമാനത്തിന്റെ വർധനവ് ഉറപ്പ് വരുത്തുക ഗ്രാമ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം അതീവ പ്രാധാന്യം അർഹിക്കുന്ന വിഷയമാണ്. നികുതി -നികുതിയേതര വരുമാനം ഡിമാന്റ് ചെയ്യുന്നതിനും പിരിച്ചെടുക്കുന്നതിനും, വരുമാന വർധനവിന് ക്രിയാത്മകമായ മാർഗ്ഗങ്ങൾ നടപ്പിലാക്കുന്നതിനും വരും വർഷങ്ങളിൽ പ്രാധാന്യം നൽകേണ്ടതാണ്.

## 1-13 വിവിധ ഇനങ്ങളിലെ വരവായി ലഭിക്കേണ്ട 15,78,041 രൂപ പിരിച്ചെടുക്കാൻ അവശേഷിക്കുന്നു.

ഗ്രാമ പഞ്ചായത്തിന്റെ ബാലൻസ്ഷീറ്റിൽ B-15 Sundry Debtors (Receivables) എന്ന ഹെഡിൽ 2023 മാർച്ച് 31 പ്രകാരം ഗ്രാമ പഞ്ചായത്തിന് ലഭിക്കാനുള്ള തുകയായി 1,50,68,358/- രൂപ രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിൽ Receivables Of Redemption എന്ന ഇനത്തിലെ തുകയായ 1,34,90,317/- രൂപ കഴിച്ച് ബാക്കി 15,78,041/- രൂപ പിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറി നം. 8 വഴി ആവശ്യപ്പെട്ടതിന് കെട്ടിട നികുതി കുടിശ്ശിക, വാടക കുടിശ്ശിക എന്നിവ അടവാക്കുന്നതിനായി റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ച് വരുന്നു എന്ന് മറുപടി അറിയിച്ചെങ്കിലും ആയത് സാധൂകരിക്കുന്ന രേഖകൾ മറുപടിയോടൊപ്പം ലഭ്യമാക്കിയിട്ടില്ല.

തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഹെഡ് കോഡ് | ഹെഡ് | പിരിച്ചെടുക്കാൻ അവശേഷിക്കുന്ന തുക |
|---|---|---|
| 431100101 | Receivables For Property<br>Tax On Residential Buildings(Current) | 488633 |
| 431100102 | Receivables For Property<br>Tax On Residential Buildings (Arrears) | 324237 |
| 431100103 | Receivables For Property<br>Tax On Non-Residential Buildings (Current) | 281874 |
| 431100104 | Receivables For Property<br>Tax On Non-Residential Buildings (Arrears) | 167764 |
| 431400101 | Rent Receivables From Buildings(Current) | 266129 |
| 431400102 | Rent Receivables From Buildings(Arrears) | 113029 |
| 431910101 | State Govt. Cesses/ Levies In Property<br>Taxes - Control Account | -63625 |
| ആകെ | | 1578041 |

പഞ്ചായത്തിന് ലഭിക്കേണ്ടതിൽ നാളിതുവരെ എത്ര തുക പിരിച്ചെടുത്തിട്ടുണ്ടെന്ന വിവരം ആവശ്യപ്പെട്ടതിന് 443482/- രൂപ നിലവിൽ പിരിച്ചെടുത്തിട്ടുണ്ടെന്ന് മറുപടി അറിയിച്ചെങ്കിലും ഓഡിറ്റിനായി അനുവദിച്ച സമയ പരിധിക്ക് ശേഷം മറുപടി ലഭ്യമാക്കിയതിനാൽ മറുപടിയുടെ ആധികാരികത പരിശോധിച്ച് ബോധ്യപ്പെടാൻ കഴിഞ്ഞിട്ടില്ല. പിരിച്ചെടുക്കാൻ അവശേഷിക്കുന്ന മുഴുവൻ തുകയും ഈടാക്കി പ്രസ്തുത വിവരം അനുബന്ധ രേഖകൾ സഹിതം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-14 കുടിശ്ശിക രജിസ്റ്റർ പരിപാലിക്കുന്നില്ല

സാമ്പത്തിക മാനേജ്മെന്റിന്റെ ക്രമമായ പുരോഗതിയ്ക്കായി തനത് വരുമാനത്തിലെ കുടിശ്ശികയും അത് ഏത് കാലയളവിലെ കുടിശ്ശികയാണെന്നും സൂചിപ്പിക്കുന്ന ഒരു രജിസ്റ്റർ തയ്യാറാക്കണമെന്ന് 1-6-2022 ലെ സർക്കാർ ഉത്തരവ് നം. സ.ഉ.(കൈ)നം.117/2022/LSGD പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. അരുവിക്കര ഗ്രാമപഞ്ചായത്തിൽ പ്രസ്തുത നിർദ്ദേശ പ്രകാരം രജിസ്റ്റർ തയ്യാറാക്കി പരിപാലിച്ചിട്ടില്ല. (ഓഡിറ്റ് എൻക്വയറി നം. 8). ഗ്രാമപഞ്ചായത്തിന്റെ 2023 മാർച്ച് 31 പ്രകാരമുള്ള ബാലൻസ്ഷീറ്റിൽ വിവിധ ഇനങ്ങളിൽ നിന്നും 15,78,041/- രൂപ പിരിച്ചെടുക്കാൻ അവശേഷിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്

കേരള പഞ്ചായത്ത്രാജ് നിയമം , 1994 വകുപ്പ് 243 (1) പ്രകാരം കിട്ടാനുള്ള നികുതി, മറ്റ് സംഖ്യകൾ പിരിച്ചെടുക്കുന്നതിനുള്ള കാലയളവ് 3 വർഷമാണ്. ടി കാലയളവിനുള്ളിൽ കുടിശ്ശിക പിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിക്കാത്ത പക്ഷം പ്രസ്തുത തുക ഗ്രാമപഞ്ചായത്തിന് നഷ്ടമാകുമെന്നതിനാൽ തനത് വരുമാനത്തിലെ കുടിശ്ശികയും അത് ഏത് കാലയളവിലെ കുടിശ്ശികയാണെന്നും സൂചിപ്പിക്കുന്ന ഒരു രജിസ്റ്റർ അടിയന്തിര പ്രാധാന്യം നൽകി തയ്യാറാക്കി കുടിശ്ശിക സമയബന്ധിതമായി പിരിച്ചെടുക്കേണ്ടതാണ്.

## 1-15 വാടക കുടിശ്ശികയായ 133528 രൂപ പിരിച്ചെടുത്ത് അറിയിക്കേണ്ടതാണ്.

അരുവിക്കര ഗ്രാമപഞ്ചായത്തിലെ വാടക രജിസ്റ്റർ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ചുവടെ ചേർക്കുന്ന കെട്ടിടങ്ങളിലെ വാടകക്കാരിൽ നിന്നും 2022-23 വർഷത്തെ വാടക പൂർണ്ണമായും ഈടാക്കിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.
വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | കടമുറി/ കെട്ടിട നം. | വാടകക്കാരന്റെ പേര് | പ്രതിമാസ വാടക | വാടക കുടിശ്ശിക |
|---|---|---|---|---|
| അരുവിക്കര ഷോപ്പിംഗ് കോംപ്ലക്സ് | | | | |
| 1 | 8 | മുഹമ്മദ് ഹനീഫ | 2069 | 24828<br>(2022 ഏപ്രിൽ മുതൽ 2023 മാർച്ച് വരെ) |
| 2 | 13 | സുകുമാരൻ | 2069 | 24828<br>(2022 ഏപ്രിൽ മുതൽ 2023 മാർച്ച് വരെ) |
| 3 | 14 | മുഹമ്മദ് | 3051 | 36612<br>(2022 ഏപ്രിൽ മുതൽ 2023 മാർച്ച് വരെ) |
| കാച്ചാണി ഷോപ്പിംഗ് കോംപ്ലക്സ് | | | | |
| 4 | 6 | പ്രസിഡന്റ്,<br>യുവ സ്പോർട്ട്സ് ക്ലബ് | 510 | 6120<br>(2022 ഏപ്രിൽ 2023 മുതൽ മാർച്ച് വരെ) |
| 5 | 7 | ലതാകുമാരി | 754 | 7540<br>(2022 ജൂൺ മുതൽ 2023 മാർച്ച് വരെ) |
| 6 | 9, 10 | ഷാജി | 1032 | 12384<br>( 2022 ഏപ്രിൽ മുതൽ 2023മാർച്ച് വരെ) |
| 7 | 11 | അജി കുമാർ | 926 | 11112<br>( 2022 ഏപ്രിൽ മുതൽ 2023 മാർച്ച് വരെ) |
| 8 | 15 | വിൽസൺ | 842 | 10104<br>(2022 ഏപ്രിൽ മുതൽ മാർച്ച് വരെ) |
| ആകെ | | | | 133528 |

വാടക കുടിശ്ശിക പൂർണ്ണമായും ഈടാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 13 ന് കുടിശ്ശിക അടയ്ക്കുവാനുള്ളവർക്ക് 2 തവണ ഡിമാന്റ് നോട്ടീസ് നൽകുകയും താക്കോൽ തിരികെ നല്കണമെന്നാവശ്യപ്പെട്ട് കത്ത് നല്കുകയും ചെയ്തിട്ടുണ്ടെന്നും റവന്യൂ റിക്കവറി ഉൾപ്പെടെയുള്ള തുടർ നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. കുടിശ്ശിക തുക എത്രയും പെട്ടെന്ന് ഈടാക്കി പ്രസ്തുത വിവരം അനുബന്ധ രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-16 തനത് വരുമാനത്തിന്റെ പുരോഗതി സംബന്ധിച്ച സ്റ്റാറ്റസ് റിപ്പോർട്ടിലെ വിവരങ്ങൾ പൂർണ്ണമല്ല

2022-27 പഞ്ചവത്സര കാലയളവിലെ സ്റ്റാറ്റസ് റിപ്പോർട്ടിന്റെ തനത് വരുമാനം സംബന്ധിച്ച അവസ്ഥാ വിശകലനം

ചേർത്തിരിക്കുന്ന ഭാഗത്ത് (പേജ് നം. രേഖപ്പെടുത്തിയിട്ടില്ല) 1996-97 കാലഘട്ടത്തിലെ വസ്തു നികുതി, തൊഴിൽ നികുതി, ലൈസൻസ് ഫീ, ജനറൽ പർപ്പസ് ഫീ, വിനോദ നികുതി എന്നീ ഇനങ്ങളിലായി പിരിച്ചെടുത്ത തുക സംബന്ധമായ വിവരങ്ങൾ മാത്രമാണ് ചേർത്തിട്ടുള്ളത്. തനത് വരുമാനത്തിലെ പുരോഗതി, നിലവിലെ അവസ്ഥ എന്നിവ വിലയിരുത്താൻ സ്റ്റാറ്റസ് റിപ്പോർട്ടിലെ വിവരങ്ങൾ അപര്യാപ്തമാണ്. ഇക്കാരണത്താൽ തനത് വരുമാനത്തിന്റെ അവസ്ഥാ വിശകലനം കൃത്യമായി നടത്തിയിട്ടുള്ളതായി ബോധ്യപ്പെട്ടിട്ടില്ല. വിവിധ സാമ്പത്തിക വർഷങ്ങളിലെ നികുതി നികുതിയേതര വരുമാനത്തിന്റെ വിശകലനം യഥാ വിധി നടത്തി വിവരങ്ങൾ സ്റ്റാറ്റസ് റിപ്പോർട്ടിൽ ചേർത്ത് കാലികമാക്കി സൂക്ഷിക്കാത്തതിന് വിശദീകരണം ഓഡിറ്റ് എൻക്വയറി നം. 20 വഴി ആവശ്യപ്പെട്ടതിന് കൃത്യമായ വിവരങ്ങൾ ഉൾപ്പെടുത്തി സ്റ്റാറ്റസ് റിപ്പോർട്ട് കാലികമാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ വരുമാനം സംബന്ധിച്ച് കൃത്യമായ അവസ്ഥാ വിശകലനം നടത്തി തുടർ നടപടികൾ സ്വീകരിക്കുന്നതിലേക്ക് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-17 വസ്തു നികുതി ഈടാക്കുന്നതുമായി ബന്ധപ്പെട്ട അപാകങ്ങൾ

വസ്തു നികുതി ഈടാക്കുന്നതുമായി ബന്ധപ്പെട്ട് സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നും ലഭ്യമാക്കിയ രേഖകൾ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. കേരള പഞ്ചായത്ത് രാജ് (കെട്ടിടനിർമ്മാണ) ചട്ടങ്ങൾ 2019, ചട്ടം 21-ൽ പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. രണ്ട് നിലകൾ വരെയുള്ള വാസഗൃഹങ്ങൾ, 50ച.മീ. വരെയുള്ള വാണിജ്യ കെട്ടിടങ്ങൾ, ആരാധനാ കെട്ടിടങ്ങൾ, ഗ്രൂപ്പ് ജി1, ജി2, ഐ. ഒക്യുപ്പൻസികൾ എന്നിവ ഒഴികെയുള്ള കെട്ടിടങ്ങൾക്ക് ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് നൽകി രണ്ട് വർഷത്തിനുള്ളിൽ സെക്രട്ടറി പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തേണ്ടതാണെന്നും ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് അനുവദിച്ച് രണ്ട് വർഷത്തിന് ശേഷം ഏത് സമയത്തും പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തുവാൻ സാധിക്കുന്നതാണെന്നും പ്രസ്തുത ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. പഞ്ചായത്തിൽ പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തി അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തി നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറി നമ്പർ 23 വഴി ആവശ്യപ്പെട്ടതിന് അത്തരത്തിൽ നടപടി സ്വീകരിച്ചതിന്റെ യാതൊരുവിധ രേഖയും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. പോസ്റ്റ് ഓഡിറ്റ് നടത്തി നികുതി ചോർച്ച ഒഴിവാക്കുകയും അനധികൃത നിർമ്മാണങ്ങൾക്കെതിരെ നടപടി സ്വീകരിക്കേണ്ടതുമാണ്.

2. ചുവടെ ചേർത്തിരിക്കുന്ന കെട്ടിടത്തെ സെക്ഷൻ 207 (2) പ്രകാരം സർക്കാർ/ സർക്കാരിന്റെ അനുവാദത്തോടെ കെട്ടിട നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുള്ളതായി സഞ്ചയ സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ബന്ധപ്പെട്ട സർക്കാർ അനുമതി പരിശോധനയ്ക്ക് ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറി നമ്പർ 23 വഴി ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. നികുതി ഇളവ് നൽകിയതിന് ആധാരമായ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

| കെട്ടിട നം. | വിസ്തീർണ്ണം | ഉപയോഗക്രമം |
|---|---|---|
| 19/394 | താഴത്തെ നില-10 ച. മീ | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ |

3. ജി.ഒ(എം.എസ്).144/15/തസ്വഭവ തീ.27.04.2015, ജി.ഒ(എം.എസ്).358/15/തസ്വഭവ തീ. 16.12.2015 പ്രകാരം 60 ച.മീ (660 ചതുരശ്ര അടി) വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് വസ്തു നികുതി ഒഴിവാക്കിയിട്ടുണ്ട്. കുടുംബനാഥന്റെ സ്വന്തം പേരിലുള്ള സ്വന്തം ആവശ്യത്തിനുള്ള ഒരു വാസഗൃഹത്തിന് മാത്രമായി പ്രസ്തുത ഒഴിവാക്കൽ പരിമിതപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഒരേ ഉടമസ്ഥന്റെ ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കി നൽകിയിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട നം. | ഉടമസ്ഥന്റെ പേരും വിലാസവും |
|---|---|
| 12/610 | അലക്സാണ്ടർ, |
| 12/610 B | സുധീഷ് ഭവൻ,എലിക്കോട് ഇറയംകോട്, ചെറിയകൊണ്ണി, 695013 |
| 16/239 A | ബിനു ജി, |
| 17/39 A | തെന്നൽ,പാണ്ടിയോട്,ഇരുമ്പ,അരുവിക്കര,695564,9562773086 |
| 12/452 A | റോസമ്മ .എസ്, |
| 12/606 C | എലികോട് മേലെ പുത്തൻവീട്, ഇറയംകോഡ്, ചെറിയകൊണ്ണി, 695013 |

അനർഹരെ നികുതി ഇളവ് ലഭിക്കുന്നവരുടെ പട്ടികയിൽ നിന്നും ഒഴിവാക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി

സ്വീകരിക്കേണ്ടതാണ്.

4. ഗ്രാമ പഞ്ചായത്ത് പരിധിയിൽ സ്ഥിതി ചെയ്യുന്ന മൊബൈൽ ഫോൺ ടവറുകളിൽ നിന്നും വസ്തു നികുതി ഇനത്തിൽ 116338 രൂപ പിരിച്ചെടുക്കാൻ അവശേഷിക്കുന്നുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നം. | ഉടമസ്ഥൻ | 2022 രണ്ടാം പാദം വരെയുള്ള നികുതി കുടിശ്ശിക |
|---|---|---|---|
| 1 | 2/579/1 | RELIANCE COMMUNICATIONS | 52078 (13020x2 + 13019x2) |
| 2 | 13/277/2 | Reliance Communication Ltd | 30240 (7560x4) |
| 3 | 19/206/A | Reliance Infratel Ltd | 34020 (8505x4) |
| ആകെ | | | 116338 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് കൃത്യമായ വിശദീകരണം ലഭ്യമാക്കിയിട്ടില്ല. ബന്ധപ്പെട്ടവരിൽ നിന്നും നികുതി പൂർണ്ണമായും ഈടാക്കി അറിയിക്കേണ്ടതാണ്.

5. വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ എന്ന ഗണത്തിൽ ഉൾപ്പെടുത്തി 100 ച.മീറ്ററിൽ അധികമുള്ള കെട്ടിടങ്ങളുടെ നികുതി ഈടാക്കിയത് വഴി നികുതി നഷ്ടം സംഭവിച്ചിട്ടുണ്ട്. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നം. | വിസ്തീർണ്ണം | ഉപയോഗക്രമം | ഈടാക്കുന്ന അടിസ്ഥാന നികുതി | ശരിയായ ഉപയോഗ ക്രമം | ഈടാക്കേണ്ടിയിരുന്ന അടിസ്ഥാന നികുതി |
|---|---|---|---|---|---|---|
| 1 | 6/85 | താഴത്തെ നില-130 ച. മീ | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 6500 (50/ച.മീ) | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 7800 (60/ ച.മീ) |
| 2 | 6/425 | താഴത്തെ നില-120 ച. മീ | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 6000 (50/ച.മീ) | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 7200 (60/ ച.മീ) |
| 3 | 6/426 | താഴത്തെ നില-120 ച. മീ | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 6000 (50/ച.മീ) | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 7200 (60/ ച.മീ) |
| 4 | 6/427 | താഴത്തെ നില-120 ച. മീ | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 6000 (50/ച.മീ) | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 7200 (60/ ച.മീ) |

ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. കൃത്യമായ നികുതി നിരക്ക് നിശ്ചയിച്ച് വരുമാന ചോർച്ച ഒഴിവാക്കേണ്ടതാണ്.

6. ചുവടെ ചേർക്കുന്ന ഉപയോഗ ക്രമത്തിലുള്ള കെട്ടിടങ്ങൾക്ക് സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം നികുതി നിരക്ക് നിശ്ചയിച്ചതായി കാണുന്നില്ല. ഭരണ സമിതി യോഗത്തിൽ നികുതി നിരക്ക് നിശ്ചയിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറി നം. 23 വഴി ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം. | ഉപയോഗക്രമം |
|---|---|
| 1 | സ്വകാര്യ ഹോസ്റ്റൽ, ഹോംസ്റ്റേ |
| 2 | വിദ്യാഭ്യാസ സ്ഥാപനത്തിൻറെ കോമ്പൗണ്ടിൽ വരുന്നതും അതിൻറെ മാത്രം അവശ്യങ്ങൾക്ക് മാത്രം ഉപയോഗിക്കുന്നതുമായ ആഡിറ്റോറിയം, കാൻറീൻ, വർക്ക്ഷോപ്പ് |
| 3 | മൈക്രോ സ്മാൾ ആൻറ് മീഡിയം എൻറർപ്രൈസസ് ഡെവലപ് മെൻറ് ആക്റ്റ്, 2006 (2006 ലെ 27) പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ |
| 4 | ആയുർവേദ സുഖചികിത്സാ കേന്ദ്രങ്ങൾ |

നികുതി നിശ്ചയിച്ച് അറിയിക്കേണ്ടതാണ്.

7. സ.ഉ(കൈ)നം.106/17/തസ്വഭവ തീ.26.05.2017 പ്രകാരം വിമുക്ത ഭടന്മാർക്ക്/വിമുക്ത ഭടന്മാരുടെ ഭാര്യമാർക്ക്/ വിധവകൾക്ക് കെട്ടിട നികുതിയിൽ ഇളവ് അനുവദിക്കുമ്പോൾ നിർദ്ദിഷ്ട മാതൃകയിലുള്ള സാക്ഷ്യപത്രം, കെട്ടിട നികുതി ഇളവിന് അർഹരായവർ ഓരോ വർഷവും മാർച്ച് 31 ന് മുമ്പായി ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതാണ്. കൂടാതെ ഇളവിന് അർഹരായവരുടെ പ്രത്യേക രജിസ്റ്റർ സൂക്ഷിക്കേണ്ടതും ഓരോ സാമ്പത്തിക വർഷവും വസ്തുനികുതി ഇളവിനായി സാക്ഷ്യപത്രം സമർപ്പിക്കുമ്പോൾ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ മേൽ ഉത്തരവ് പ്രകാരമുള്ള രേഖകൾ സൂക്ഷിക്കുന്നുണ്ടെങ്കിൽ അവ പരിശോധനയ്ക്ക് ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറി നം. 23 വഴി ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല.

8. സർക്കുലർ നം. RB3/178/2020/lsgd Dated 20.6.2022 പ്രകാരം തദ്ദേശഭരണസ്ഥാപനങ്ങളുടെ അധികാരപരിധിയിലുള്ള സ്ഥലങ്ങളിൽ നിർമ്മിക്കുന്ന വാണിജ്യമോ, വാസഗൃഹമോ എപ്രകാരമുള്ള കെട്ടിടങ്ങളായാലും അവയ്ക്ക് കേരളപഞ്ചായത്ത് രാജ് കെട്ടിടനിർമ്മാണചട്ടങ്ങൾക്കനുസൃതമായി ഒഴിച്ചിടേണ്ട സ്ഥലം മുൻകൂർ അനുമതിയില്ലാതെ അനധികൃതമായി കെട്ടിയടച്ച് ഷെഡോ, മറ്റ് നിർമ്മാണങ്ങളോ നടത്തി ഉപയാഗിക്കുക -അതുവഴി പാർക്കിംഗ് ഏരിയ, റോഡിൽ നിന്നുള്ള അകലം എന്നിവ ഇല്ലാതാക്കുക തുടങ്ങിയ ക്രമവിരുദ്ധമായ നടപടികൾ തദ്ദേശഭരണസെക്രട്ടറിമാർ കർശനമായി നിരീക്ഷിക്കണമെന്നും അതോടൊപ്പം അപ്രകാരമുള്ള അനധികൃത നിർമ്മാണങ്ങൾ തടയുന്നതിനും അഥവാ ഇത്തരത്തിലുള്ള നിർമ്മാണം നടത്തിയതായി ശ്രദ്ധയിൽപ്പെടുന്ന പക്ഷം ആയത് പൊളിച്ചു നീക്കുന്നതിനുള്ള സത്വരനടപടിൾ സ്വീകരിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ടി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഫീൽഡ് സന്ദർശനങ്ങൾ നടത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശവും തുടർ നടപടി വിവരവും ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറി നം. 23 വഴി ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. കൃത്യമായ ഫീൽഡ് തല അന്വേഷണം നടത്തി അനധികൃത നിർമ്മാണങ്ങൾക്കെതിരെ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-18 ലൈസൻസ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട അപാകങ്ങൾ

ഗ്രാമ പഞ്ചായത്തിന്റെ ലൈസൻസ് രജിസ്റ്ററും അനുബന്ധ രേഖകളും പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു

1) സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരമുള്ള മുഴുവൻ വളർത്ത് നായകൾക്കും ലൈസൻസ് അനുവദിച്ച് നൽകിയിട്ടില്ല

ഗ്രാമപഞ്ചായത്തിന്റെ സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം ലൈസൻസ് ഉള്ള വളർത്ത് നായകളുടെ എണ്ണം 400 ആണ്. എന്നാൽ 2022-23 വർഷത്തെ വളർത്ത് നായ്ക്കൾക്ക് ലൈസൻസ് അനുവദിച്ചതുമായി ബന്ധപ്പെട്ട രജിസ്റ്റർ പ്രകാരം 104 നായകൾക്ക് മാത്രമാണ് ലൈസൻസ് അനുവദിച്ച് നൽകിയിട്ടുള്ളത്. വളർത്തു നായ്ക്കൾക്ക് ലൈസൻസ് അനുവദിച്ച് നൽകുന്നതിൽ സംഭവിച്ച കുറവിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 29 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. കേരള പഞ്ചായത്ത് രാജ് ആക്ടിലെ പട്ടിക 3 ,ക്രമ നം. 27 പ്രകാരം വളർത്തു നായകൾക്ക് ലൈസൻസ് അനുവദിച്ച് നൽകുക ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലകളിൽ ഉൾപ്പെട്ടിട്ടുള്ള വിഷയമാണ്. മുഴുവൻ വളർത്ത് നായകൾക്കും ലൈസൻസ് അനുവദിക്കുന്നതിനുള്ള തുടർ നടപടി സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

2. 2022 -23 സാമ്പത്തിക വർഷം ലൈസൻസ് എടുത്തവരുടെ കൃത്യമായ കണക്ക് രജിസ്റ്റർ പ്രകാരം ലഭ്യമല്ല

ഗ്രാമപഞ്ചായത്തിന്റെ ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം ആകെ 206 സ്ഥാപനങ്ങളാണ് പഞ്ചായത്തിൽ പ്രവർത്തിക്കുന്നത്. എന്നാൽ 271 പേർക്കാണ് 2022-23 സാമ്പത്തിക വർഷത്തെ ലൈസൻസ് രജിസ്റ്റർ പ്രകാരം ലൈസൻസ് അനുവദിച്ച് നൽകിയിട്ടുള്ളത് . 2022-23 സാമ്പത്തിക വർഷത്തെ ലൈസൻസ് രജിസ്റ്ററിൽ 2022-23 സാമ്പത്തിക വർഷത്തേക്കുള്ള ലൈസൻസ് എടുത്തിരിക്കുന്നവരുടെ വിവരങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നതിനൊപ്പം 2023-24 സാമ്പത്തിക വർഷത്തേക്കുള്ള ലൈസൻസ് ഫീസ് അഡ്വാൻസ് പേയ്മെന്റ് നടത്തിയവരുടെ വിവരവും രേഖപ്പെടുത്തിയിട്ടുണ്ട്. ഇക്കാരണത്താൽ 2022-23 സാമ്പത്തിക വർഷം ലൈസൻസ് എടുത്തവരുടെ കൃത്യമായ എണ്ണം ലഭ്യമല്ല. രേഖപ്പെടുത്തിയിരിക്കുന്ന ഡിമാന്റ് -കളക്ഷൻ – ബാലൻസ് സ്റ്റേറ്റ്മെന്റിന്റെ കൃത്യതയും ഇക്കാരണത്താൽ ബോധ്യപ്പെട്ടിട്ടില്ല . ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നം. | രജിസ്റ്റർ പേജ് നം, | രജിസ്റ്റർ പ്രകാരമുള്ള ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ലൈസൻസ് അപേക്ഷ സമർപ്പിച്ച് ഫീസ് ഒടുക്കിയ തീയതി | റിമാർക്സ് |
|---|---|---|---|---|---|
| 1 | 49 | 253 | അക്ഷര സൂപ്പർ മാർക്കറ്റ് | 08/02/23 | അഡ്വാൻസ് കളക്ഷൻ എന്ന് പെൻസിൽ ഉപയോഗിച്ച് രേഖപ്പെടുത്തിയിരിക്കുന്നു |
| 2 | 49 | 254 | കാരുണ്യ ഒപ്റ്റിക്കൽസ് | 08/02/23 | അഡ്വാൻസ് കളക്ഷൻ എന്ന് പെൻസിൽ ഉപയോഗിച്ച് രേഖപ്പെടുത്തിയിരിക്കുന്നു |
| 3 | 50 | 257 | അഖിൽ കൺസ്ട്രക്ഷൻസ് | 17/02/23 | അഡ്വാൻസ് കളക്ഷൻ എന്ന് പെൻസിൽ ഉപയോഗിച്ച് രേഖപ്പെടുത്തിയിരിക്കുന്നു |

ലൈസൻസ് രജിസ്റ്ററിലെ പേജ് നം.1 മുതൽ 51 വരെ 2022-23 സാമ്പത്തിക വർഷം ലൈസൻസ് അനുവദിച്ചതുമായി ബന്ധപ്പെട്ട വിവരങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നു. (ക്രമ നം. 1 മുതൽ 266 വരെ). പേജ് നം. 52 മുതൽ 85 വരെ 2023-24 വർഷത്തെ ലൈസൻസ് ഫീസ് അഡ്വാൻസ് കളക്ഷൻ വിവരങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നു. (ക്രമ നം. 1 മുതൽ 213 വരെ) 86 മുതൽ 97 വരെയുള്ള പേജുകളിൽ വിവരങ്ങൾ ഒന്നും രേഖപ്പെടുത്തിയിട്ടില്ല. പേജ് നം. 98 ൽ 5 സ്ഥാപനങ്ങളുടെ ലൈസൻസ് വിവരങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നു. (2022-23 സാമ്പത്തിക വർഷം) . പേജ് നം. 99 ൽ 2022-23 വർഷത്തെ ഡിമാന്റ്-കളക്ഷൻ-ബാലൻസ് രേഖപ്പെടുത്തിയിരിക്കുന്നു. ഇത്തരത്തിൽ വിവരങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നത് ആശയക്കുഴപ്പം സൃഷ്ടിക്കുന്നുണ്ട്. 2022-23 സാമ്പത്തിക വർഷം ലൈസൻസ് എടുത്തിട്ടുള്ള വാണിജ്യ സ്ഥാപനങ്ങളുടെയും സംരംഭങ്ങളുടെയും ആകെ എണ്ണം ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറി നം. 29 വഴി ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ലൈസൻസ് എടുക്കുന്നവരുടെ വിവരങ്ങൾ കൃത്യമായി ക്രോഡീകരിച്ച് സൂക്ഷിക്കുവാൻ വരും വർഷങ്ങളിൽ ശ്രദ്ധിക്കേണ്ടതാണ്.

3)ലൈസൻസ് ഇല്ലാതെ വാണിജ്യ കെട്ടിടങ്ങളിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്നത് ഉറപ്പ് വരുത്തേണ്ടതാണ്.

സഞ്ചയ സോഫ്റ്റ്‌വെയറിൽ ലഭ്യമായ വാണിജ്യ കെട്ടിടങ്ങളുടെ എണ്ണവും 2022-23 സാമ്പത്തിക വർഷത്തിൽ ലൈസൻസ് അനുവദിച്ചിട്ടുള്ള സ്ഥാപനങ്ങളുടെ എണ്ണവും തമ്മിൽ അന്തരം നിലനിൽക്കുന്നു. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിടത്തിന്റെ ഉപയോഗക്രമം | കെട്ടിടങ്ങളുടെ എണ്ണം |
|---|---|---|
| 1 | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ | 1623 |
| 2 | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ | 43 |
| 3 | വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 5 |
| 4 | വാണിജ്യാവശ്യത്തിനുള്ളവ ബങ്കുകൾ , പെട്ടികടകൾ , കമ്പ്യൂട്ടർ സെന്റർ, ഫ്യുവൽ സ്റ്റേഷൻ | 12 |
| 5 | അസംബ്ലി കെട്ടിടം,കൺവെൻഷൻ സെന്റർ,ആഡിറ്റോറിയം, കല്യാണ മണ്ഡപങ്ങൾ, ലോഡ്ജ് , സിനിമ തിയേറ്റർ | 18 |
| | ആകെ | 1701 |

271 പേർക്കാണ് 2022-23 സാമ്പത്തിക വർഷത്തെ ലൈസൻസ് രജിസ്റ്റർ പ്രകാരം ലൈസൻസ് അനുവദിച്ച് നൽകിയിട്ടുള്ളത് (2023-24 വർഷത്തേക്കുള്ള ലൈസൻസ് അഡ്വാൻസ് പേയ്മെന്റ് നടത്തിയവരുടെ വിവരവും 2022-23 വർഷം ലൈസൻസ് എടുത്തവരുടെ ഒപ്പം രേഖപ്പെടുത്തിയിരിക്കുന്നതിനാൽ ഇത് കൃത്യമായ കണക്കല്ല) . ലൈസൻസ് നൽകിയ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങളിലൊഴികെ മറ്റ് കെട്ടിടങ്ങളിൽ ലൈസൻസ് ഇല്ലാതെ വ്യാപാര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്നത് (ലൈസൻസ് എടുക്കുന്നതിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുള്ള സ്ഥാപനങ്ങൾ ഒഴികെ) ഫീൽഡ് തല അന്വേഷണം നടത്തി ഉറപ്പ് വരുത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം അനുബന്ധ രേഖകൾ സഹിതം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 29 ന് മറുപടി ലഭ്യമാക്കുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. വാണിജ്യ കെട്ടിടങ്ങളിൽ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്നത് ഫീൽഡ് തല അന്വേഷണം നടത്തി ഉറപ്പ് വരുത്തുകയും പ്രസ്തുത വിവരം അനുബന്ധ രേഖകൾ സഹിതം അറിയിക്കേണ്ടതുമാണ്.

4) റേഷൻ കടകൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു.

ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾക്ക് 2022-23 സാമ്പത്തിക വർഷത്തിൽ ലൈസൻസ് അനുവദിച്ചതായും തൊഴിൽ നികുതി ഈടാക്കിയതായും കാണുന്നില്ല. ഗ്രാമ പഞ്ചായത്ത് പരിധിയിൽ നിലവിൽ എത്ര റേഷൻ കടകൾ പ്രവൃത്തിക്കുന്നുണ്ടെന്ന വിവരവും ടി സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിച്ച് നൽകാത്തതിന് വിശദീകരണവും ഓഡിറ്റ് എൻക്വയറി നം. 29 വഴി ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.2.2019ലെ (സി.എ,സ്) എ9-764/2019-ാം നം .കത്തിൽ റേഷൻ കടകളെ പഞ്ചായത്ത് ലൈസൻസ് ഫീസ് , തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്ന് ഒഴിവാക്കാൻ കഴിയില്ലായെന്ന് അറിയിച്ചിട്ടുള്ളതിനാൽ റേഷൻ കടകൾക്ക് ലൈസൻസ് നൽകുന്നതിനും തൊഴിൽ നികുതി ഈടാക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-19 തൊഴിൽ നികുതി ഈടാക്കുന്നതുമായി ബന്ധപ്പെട്ട അപാകങ്ങൾ

ഗ്രാമപഞ്ചായത്തിന്റെ തൊഴിൽ നികുതി രജിസ്റ്ററും അനുബന്ധ രേഖകളും പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു

1. തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡേറ്റാബേസ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല

സ്ഥാപനങ്ങൾ, ജീവനക്കാർ, സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റ്

പ്രൊഫഷണലുകൾ, ഗ്രാമ പഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ , സ്വകാര്യ സ്കൂൾ/ കോളേജ് ജീവനക്കാർ തുടങ്ങി തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡേറ്റാബേസ് സൂക്ഷിക്കുന്നുണ്ടോ എന്ന വിവരം ഓഡിറ്റ് എൻക്വയറി നം. 32 ആവശ്യപ്പെട്ടതിന് ആയത് തയ്യാറാക്കി സൂക്ഷിക്കുന്നതാണ് എന്ന് മറുപടി നല്കിയിട്ടുണ്ട്. നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡേറ്റാബേസ് തയ്യാറാക്കി നികുതി ചോർച്ച സംഭവിക്കുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

2. തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായ മുഴുവൻ പേരിൽ നിന്നും നികുതി ഈടാക്കിയിട്ടില്ല

A. ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള റേഷൻ കടകളിൽ നിന്നും 2022-23 സാമ്പത്തിക വർഷത്തിൽ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ആയതിന്റെ വിശദീകരണവും ഗ്രാമ പഞ്ചായത്ത് പരിധിയിൽ നിലവിൽ എത്ര റേഷൻ കടകൾ പ്രവർത്തിക്കുന്നുണ്ടെന്ന വിവരവും ഓഡിറ്റ് എൻക്വയറി നം. 32 വഴി ആവശ്യപ്പെട്ടതിന് തൊഴിൽ നികുതി അടവാക്കണമെന്ന് കാണിച്ച് നോട്ടീസ് നല്കിയതായി മറുപടിയിൽ അറിയിച്ചെങ്കിലും റേഷൻ കടകളുടെ കൃത്യമായ എണ്ണമോ നാളിതുവരെ നികുതി ഈടാക്കാത്തതിന് വിശദീകരണമോ ലഭ്യമാക്കിയിട്ടില്ല. സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.2.2019ലെ (സി.എസ്) എ9-764/2019-ാം നം. കത്തിൽ റേഷൻ കടകളെ പഞ്ചായത്ത് ലൈസൻസ് ഫീസ് , തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്ന് ഒഴിവാക്കാൻ കഴിയില്ലായെന്ന് അറിയിച്ചിട്ടുള്ളതിനാൽ റേഷൻ കടകൾക്ക് ലൈസൻസ് നൽകുന്നതിനും തൊഴിൽ നികുതി,സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

B.തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായ അഭിഭാഷകർ, ഗ്രാമ പഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ തുടങ്ങിയവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ആയതിന് വിശദീകരണം ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറി നം. 32 വഴി ആവശ്യപ്പെട്ടതിന് തൊഴിൽ നികുതി ഈടാക്കി അറിയിക്കുന്നതാണ് എന്ന് മറുപടി നല്കിയിട്ടുണ്ട്.

3. നികുതി പൂർണ്ണമായി ലഭിച്ചിട്ടില്ലെങ്കിലും രജിസ്റ്ററിലും ധനകാര്യ പത്രികയിലും പിരിച്ചെടുക്കാൻ അവശേഷിക്കുന്ന തുക 0 എന്ന് രേഖപ്പെടുത്തിയിരിക്കുന്നു

തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം ചുവടെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങൾ തൊഴിൽ നികുതി പൂർണ്ണമായി ഒടുക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | രജിസ്റ്ററിലെ പേജ് നം. | അർദ്ധ വർഷം | |
|---|---|---|---|---|
| | | | I | II |
| 1 | സബ് ഗ്രൂപ്പ് ഓഫീസ്, ദേവസ്വം ബോർഡ് നെയ്യാറ്റിൻകര | 64 | 3750 | ഒടുക്കിയിട്ടില്ല |
| 2 | ദേവസ്വം ഓഫീസ്, അരുവിക്കര സബ് ഗ്രൂപ്പ്, ഉള്ളൂർ ഗ്രൂപ്പ് | 65 | 12500 | ഒടുക്കിയിട്ടില്ല |

നികുതി ഈടാക്കാത്തതിന് ഓഡിറ്റ് എൻക്വയറി നം. 32 വഴി വിശദീകരണം ആവശ്യപ്പെട്ടതിന് ബന്ധപ്പെട്ടവർക്ക് അറിയിപ്പ് നല്കിയിട്ടുള്ളതായി മറുപടി അറിയിച്ചിട്ടുണ്ട്. നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

2022-23 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക, തൊഴിൽ നികുതി രജിസ്റ്ററിലെ ഡിമാന്റ്-കളക്ഷൻ- ബാലൻസ് സ്റ്റേറ്റ്മെന്റ് എന്നിവ പ്രകാരം തൊഴിൽ നികുതി ഇനത്തിൽ പിരിച്ചെടുക്കാൻ അവശേഷിക്കുന്ന തുക 0 ആണ്. എന്നാൽ മേൽപ്പട്ടികയിൽ ഉൾപ്പെട്ടിരിക്കുന്ന സ്ഥാപനങ്ങൾ നികുതി പൂർണ്ണമായും ഈടാക്കിയിട്ടുമില്ല . ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്ന ഹെഡിൽ ഡിമാന്റ് ഇല്ലാത്തതിനാലാണ് ക്ലോസിംഗ് ബാലൻസ് അപ്രകാരം തയ്യാറാക്കിയത് എന്നാണ് ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് ലഭിച്ച മറുപടി . എന്നാൽ രജിസ്റ്ററിൽ പിരിച്ചെടുക്കാൻ അവശേഷിക്കുന്ന തുക 0 എന്ന് രേഖപ്പെടുത്തിയിരിക്കുന്നതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല. ബാലൻസ് ഷീറ്റിൽ പിരിച്ചെടുക്കാൻ അവശേഷിക്കുന്ന തുകയായി ഇത്തരം കുടിശ്ശികകൾ ഉൾപ്പെടുത്താത്തത് തനത് വരുമാനത്തിന്റെ നഷ്ടത്തിന് വഴിവയ്ക്കും എന്നതിനാൽ കൃത്യമായ ബാലൻസ് രേഖപ്പെടുത്തി പിരിച്ചെടുക്കാൻ അവശേഷിക്കുന്ന തുക പൂർണ്ണമായും പിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-20 ടേക്ക് എ ബ്രേക്ക് - പൊതുജനങ്ങൾക്ക് പ്രയോജനപ്പെടുന്ന വിധം പൂർത്തീകരിക്കേണ്ടതാണ്.

പ്രോജക്ട് നമ്പർ, പേര് – S0036/23, ടേക്ക് എ ബ്രേക്ക്

അടങ്കൽ – 3527000/-(1427000CFC+2100000SBM)
ഫണ്ട് – CFC+SBM

PAC – 27,65065.

ആകെ പ്രവൃത്തിമൂല്യം - 15,58,994/-

ചെലവ്- 2,30,544/- (31.3.22 CFC) + 11,96,455 (31.3.23 Billno 62240023701148,CFC) + 1,31,995(SBM) 23-24 = 15,58,994
എം ബുക്ക് നമ്പർ – 154/2021

കോൺട്രാക്ടർ - സുജിത് ലാൽ .കെ.എസ്.

2021-22 മുതൽ നാളിതുവരെ 15,58,994/- രൂപ ചെലവ് ചെയ്ത് നിർമ്മിക്കുന്ന ടേക്ക് എ ബ്രേക്ക് മന്ദിര നിർമ്മാണം ഇപ്പോഴും പ്രാരംഭ ദിശയിൽ തന്നെയാണ്. ഓഡിറ്റ് ടീം നടത്തിയ സ്ഥല പരിശോധനയിൽ ബീം വാർത്ത് മുകൾ ഭാഗം തട്ട് അടിച്ച് വാർത്ത് മറ്റു പണികളൊന്നും നടത്താതെ അപൂർണമായ അവസ്ഥയിലാണ്. നദീതീരത്താണ് പ്രസ്തുത നിർമ്മിതിക്കായി സ്ഥലം കണ്ടെത്തിയത്. ആയതിനാൽ തന്നെ ബേസ്മെന്റ് നിർമ്മിക്കാനായി ഏറെ പണം ചെലവായിട്ടുണ്ട്. ശരിയായ സാങ്കേതിക പഠനം നടത്താതെയാണ് കെട്ടിട നിർമ്മാണം ആരംഭിച്ചത് എന്ന് വ്യക്തമാണ്. ആയതിനാൽ സമയബന്ധിതമായി പൂർത്തിയാക്കാൻ സാധിക്കാത്ത അവസ്ഥയിലാണ്. പഞ്ചായത്തിന് തനതു വരുമാനം ഉണ്ടാകുന്ന തരത്തിൽ ഈ കെട്ടിടത്തിൽ ടേക്ക് എ ബ്രേക്ക് സൗകര്യത്തോടൊപ്പം മറ്റു വരുമാന മാർഗ്ഗങ്ങൾ കൂടി ഉറപ്പ് വരുത്തുന്നതിന് വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതാണ്.





## 1-21 വഴിയമ്പലം പ്രവർത്തനയോഗ്യമാക്കേണ്ടതാണ്.

അരുവിക്കര ഗ്രാമപഞ്ചായത്ത് പരിധിയിൽ ഉൾപ്പെടുന്ന വിനോദ സഞ്ചാര കേന്ദ്രമായ അരുവിക്കര ഡാമിനോട് ചേർന്ന് ജില്ലാ പഞ്ചായത്ത് പണികഴിപ്പിച്ച വഴിയമ്പലം ടോയ്ലറ്റ് കോംപ്ലക്സ് ഉപയോഗിക്കാതെ അടഞ്ഞ് കിടക്കുന്നത് ഓഡിറ്റ് ടീം നടത്തിയ സ്ഥല പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ കെട്ടിടം ഗ്രാമപഞ്ചായത്തിന് കൈമാറിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കാനും ഈ കോംപ്ലക്സ് ലേലം ചെയ്ത് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കാനും ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറി നം. 33 ന് മറുപടി ലഭ്യമാക്കിയില്ല. ജില്ലാ പഞ്ചായത്ത് പണികഴിപ്പിച്ചിട്ടുള്ള ടി കെട്ടിടം ഗ്രാമ പഞ്ചായത്തിന് കൈമാറിയിട്ടില്ലാത്ത പക്ഷം ടി കെട്ടിടത്തിന്റെ നിലവിലെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെടുത്തി ആയത് ഗ്രാമ പഞ്ചായത്തിന് കൈമാറുന്നതിന് പഞ്ചായത്ത് കമ്മിറ്റിക്ക് ശിപാർശ ചെയ്യാവുന്നതാണ്. കെട്ടിടം ലേലം ചെയ്ത് നല്കി പ്രസ്തുത തുക തനത് ഫണ്ടിൽ മുതൽക്കൂട്ടുകയും ആയത് പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കാവുന്നതുമാണ്. കൂടാതെ അരുവിക്കര ഡാം സന്ദർശിക്കുന്ന പൊതു ജനങ്ങൾക്കും ഇതിന്റെ പ്രയോജനം ലഭിക്കും. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ പ്രസ്തുത വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 1-22 ടെൻഡർ ഫോംവില ഗ്രാമപഞ്ചായത്തിന് കൈമാറി ലഭിച്ചിട്ടില്ല-നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്

അഞ്ചു ലക്ഷം രൂപയിലധികം അടങ്കലുള്ള കരാർ പ്രവൃത്തികൾ ഇ-ടെൻഡർ നടപടിക്രമങ്ങൾ പാലിച്ചാണ് നടപ്പാക്കേണ്ടതെന്ന് ധനകാര്യ വകുപ്പിന്റെ 30.4.2015-ലെ ജി.ഒ(പി) 1288/15 നമ്പർ ഉത്തരവിലൂടെ സർക്കാർ വ്യക്തമാക്കിയിരുന്നു. ഇതനുസരിച്ച് നടപ്പിലാക്കുന്ന മരാമത്ത് പ്രോജക്ടുകളുടെ ടെണ്ടർ ഫോം വിലയും നിരതദ്രവ്യവും ഓൺലൈൻ പേയ്മെന്റ് സംവിധാനത്തിലൂടെ ജില്ലാപഞ്ചായത്തിലെ മരാമത്തു വിഭാഗം എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിലേക്കാണ് ഒടുക്കുന്നത്. ഗ്രാമപഞ്ചായത്ത് വിവിധ സാമ്പത്തിക വർഷങ്ങളിൽ ഇ-ടെൻഡർ നടപടികളിലൂടെ വിവിധ പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ടെങ്കിലും പ്രസ്തുത തുകകൾ (ടെൻഡർ ഫോം വില + ടെൻഡർ വിജയിയായ കരാറുകാരന്റെ മാത്രം നിരതദ്രവ്യം) 2020-21 മുതലുള്ള തുക ഗ്രാമപഞ്ചായത്തിന് നാളിതുവരെ കൈമാറി ലഭിച്ചിട്ടില്ല (ഓഡിറ്റ് എൻക്വയറി നം.17/30-09-2023) . എൻക്വയറിക്ക് മറുപടിയായി എ.ഇ യുടെ പേരിൽ അക്കൌണ്ട് തുടങ്ങിയ ശേഷം ലഭിക്കുന്ന ഇ ടെൻഡർ തുക തനത് ഫണ്ട് അക്കൌണ്ടിലേക്ക് മാറ്റുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന് അർഹതപ്പെട്ട പ്രസ്തുത തുക ലഭിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

## 1-23 ഹോമിയോ ഡിസ്പെൻസറിയ്ക്ക് മരുന്ന് വാങ്ങൽ , 337553 രൂപയുടെ മരുന്ന് നാളിതുവരെ ലഭിച്ചിട്ടില്ല -തുക തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പദ്ധതിയുടെ പേര്, നം | ഹോമിയോ ഡിസ്പെൻസറിയ്ക്ക് മരുന്ന് വാങ്ങൽ 25/23 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ഹോമിയോ |
| അടങ്കൽ | മെയിന്റനൻസ് ഫണ്ട് - റോഡിതരം |
| | 500000 |
| ചെലവ് | 500000 (ബിൽ നം. 1/11-1-2023) |

ഹോമിയോ ആശുപത്രിക്ക് ആവശ്യമായ മരുന്ന് വാങ്ങുന്നതിന് 2022-23 സാമ്പത്തിക വർഷം ആകെ 500000 രൂപ കേരള സ്റ്റേറ്റ് ഹോമിയോപതിക് കോ-ഓപ്പറേറ്റീവ് ഫാർമസിക്ക് (HOMCO) മെയിന്റനൻസ് ഫണ്ടിൽ നിന്നും നൽകിയിട്ടുണ്ട്. പ്രസ്തുത തുകയിൽ 162447 രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭിച്ചിട്ടുള്ളത്. (ഇൻവോയിസ് നം. LF-1015 Dt. 16-08-2023). തുക കൈമാറി 7 മാസത്തിന് ശേഷമാണ് ആദ്യ ഗഡുവായി മരുന്നുകൾ ലഭിച്ചിട്ടുള്ളത്. ബാക്കി 337553 രൂപയുടെ മരുന്ന് നാളിതുവരെ ലഭിച്ചിട്ടില്ല. അവശ്യ മരുന്നുകൾ ലഭ്യമാകുന്നതിലെ കാലതാമസത്തിന് വിശദീകരണം ലഭ്യമാക്കാനും മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കുന്നതിന് സ്ഥാപനവുമായി നടത്തിയിട്ടുള്ള കത്തിടപാടിന്റെ വിശദാംശം ലഭ്യമാക്കാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 4 ന് മരുന്നുകൾ എത്രയും വേഗം ലഭ്യമാക്കുന്നതിന് ഹോംകോയ്ക്ക് 01-09-2023 ൽ ഒരു കത്ത് നല്കിയിട്ടുണ്ടെന്ന് മറുപടി അറിയിച്ചിട്ടുണ്ട്. മരുന്നുകൾ പൂർണ്ണമായും ലഭ്യമാകുന്നതുവരെ 337553/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മുഴുവൻ മരുന്നും അടിയന്തിരമായി സ്റ്റോക്കിലെടുത്ത് പ്രസ്തുത വിവരം അനുബന്ധ രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതും തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-24 പദ്ധതി ലക്ഷ്യം കൈവരിച്ചില്ല

| | |
|---|---|
| പ്രോജക്റ്റിന്റെ പേര് | ബയോകമ്പോസ്റ്റ് ബിൻ |
| പ്രോജക്റ്റ് നം | 103/23 |
| അടങ്കൽ തുക | 466560 |
| ചെലവ് തുക | 93312 |
| നിർവ്വഹണം | വി.ഇ.ഒ സർക്കിൾ-1 |

ഗ്രാമ പഞ്ചായത്തിൽ ഉറവിട മാലിന്യസംസ്കരണം നടപ്പിലാക്കുന്നതിന്റെ ഭാഗമായി 2022-23 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 359 ബയോകമ്പോസ്റ്റ് ബിൻ സ്ഥാപിക്കുന്നതിനാണ് പ്രോജക്റ്റ് ലക്ഷ്യമിട്ടിരുന്നത്. ഇത് പ്രകാരം IRTC യുമായി ധാരണപത്രം ഒപ്പിടുകയുണ്ടായി. അതുപ്രകാരം ബയോകമ്പോസ്റ്റ് ബിൻ ഒന്നിന് 2160/- നിരക്കിൽ (ആകെ 99360/-) 46 ഗുണഭോക്താക്കൾക്ക് ചെലവായിട്ടുണ്ട്. ആയതിന് തൻവർഷം IRTC പ്രോജക്റ്റ് Implementation Unit-ന് 93312/- രൂപ (ചെലവ് പത്രിക പ്രകാരം) അനുവദിച്ചിട്ടുണ്ട്. ബാക്കി ഗുണഭോക്താക്കൾക്ക് ബയോകമ്പോസ്റ്റ് ബിൻ വാങ്ങി നൽകിയതിന്റെ വിവരവും പദ്ധതിയുടെ നിർവ്വഹണത്തിനായി ഗുണഭോക്തൃവിഹിതമിനത്തിൽ പിരിച്ചെടുത്ത 10580/- രൂപ ചെലവഴിക്കാത്തതിന്റെ കാരണവും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം- 19/30.09.2023) ലഭ്യമാക്കിയ മറുപടിയിൽ 2023 -24 സാമ്പത്തികവർഷം സ്പിൽഓവറായി ഉൾപ്പെടുത്തിയിട്ടുണ്ടെന്നും ഗുണഭോക്തൃവിഹിതം ചെലവഴിക്കുന്നതാണെന്നും ബാക്കി ഗുണഭോക്താക്കൾ ഗുണഭോക്തൃവിഹിതം അടയ്ക്കുന്ന മുറയ്ക്ക് ബയോബിൻ നൽകുന്നതാണെന്നും അറിയിക്കുകയുണ്ടായി. തൻവർഷം 46 ഗുണഭോക്താക്കൾ മാത്രമെ ഗുണഭോക്തൃവിഹിതം അടച്ച് പദ്ധതി ആനുകൂല്യം കൈപ്പറ്റാൻ സന്നദ്ധരായിട്ടുള്ളൂ. ഉറവിട മാലിന്യസംസ്കരണമെന്ന ലക്ഷ്യം കൈവരിക്കുന്നതിനായി ആരംഭിച്ച പദ്ധതി ഭാഗികമായി മാത്രമെ ലക്ഷ്യം കൈവരിച്ചിട്ടുള്ളൂവെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.പദ്ധതി ലക്ഷ്യമിട്ട രീതിയിൽ ഗുണഭോക്താക്കളെ കണ്ടെത്തി പൂർത്തീകരിക്കുന്നതിന് നടപടികൾ കൈകൊള്ളേണ്ടതാണ്.

## 1-25 ലൈഫ് ഭവനപദ്ധതി വീട് നിർമ്മാണം പൂർത്തികരിച്ചിട്ടില്ല

ലൈഫ് മിഷൻ മുഖേന ഭൂമിയുള്ള ഭവനരഹിതർക്ക് ഭവന നിർമ്മാണത്തിന് ആനുകൂല്യം നൽകുന്നത് സംബന്ധിച്ച മാർഗ്ഗരേഖകൾ പ്രകാരം [സ.ഉ.(കൈ.)നം.34/2018/ത.സ്വ.ഭ.വ. തീ.16.03.18] ഗുണഭോക്താക്കൾ ഒന്നാം ഗഡു കൈപ്പറ്റിയ തീയതി മുതൽ 6 മാസം കൊണ്ട് വീട് നിർമ്മാണം പൂർത്തിയാക്കേണ്ടതാണ്. എന്നാൽ നാളിതുവരെ വീട് നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

| ക്രമ നം | പേര് | പദ്ധതി | തുക | തുക നൽകിയ തീയതി | നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| 1 | സനിത വിജയൻ .യു | ലൈഫ് (എസ്.സി) | 40000 | 13.11.2020 | ബേസ്മെന്റ് |
| 2 | അപർണ.വി.കെ | ലൈഫ് (എസ്.സി) | 40000 | 09.08.2021 | പണി ആരംഭിച്ചില്ല |

| | | | | | |
|---|---|---|---|---|---|
| 3 | ശോഭന.ആർ | ലൈഫ് (എസ്.സി) | 40000 | 22.12.2021 | പണി ആരംഭിച്ചില്ല |
| 4 | വത്സല.പി | ലൈഫ് (എസ്.സി) | 40000 | 09.08.2021 | ബേസ്മെന്റ് |
| | | | 160000 | 07.12.2022 | |
| 5 | ശകുന്തള | ലൈഫ് (എസ്.സി) | 40000 | 09.08.2021 | ബേസ്മെന്റ് |
| 6 | ബേബി | ലൈഫ് (എസ്.സി) | 40000 | 22.12.2021 | ബേസ്മെന്റ് |
| | | | 120000 | 07.12.2022 | |
| 7 | ഷാജി.എൽ | ലൈഫ് (എസ്.സി) | 40000 | 09.08.2021 | പണി ആരംഭിച്ചില്ല |
| 8 | രാജൻ.എം | ലൈഫ് (എസ്.സി) | 40000 | 09.08.2021 | പണി ആരംഭിച്ചില്ല |
| 9 | സതിലാൽ.എസ് | ലൈഫ് (എസ്.സി) | 40000 | 04.11.2020 | ബേസ്മെന്റ് |
| | | | 120000 | 08.09.2021 | |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം-21/2022-23 തീയതി-03.10.2023-ന് ലഭ്യമാക്കിയ മറുപടിയിൽ ടി ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തികരിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിക്കുകയുണ്ടായി. ധനസഹായം കൈപ്പറ്റിയ ഗുണഭോക്താക്കൾ സമയബന്ധിതമായി നിർമ്മാണം പൂർത്തിയാക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥരുടെയും മോണിട്ടറിംഗ് സമിതിയുടെയും ഇടപെടലും തുടർനടപടികളും അടിയന്തിരമായി ഉണ്ടാകേണ്ടതാണ്.

## 1-26 മോണിറ്ററിംഗ് ഫലപ്രദമല്ല

| | |
|---|---|
| പ്രോജക്ടിന്റെ പേര് | അടുക്കളമുറ്റത്തെ മുട്ടക്കോഴി വളർത്തൽ |
| പ്രോജക്ട് നം | 122/23 |
| അടങ്കൽ തുക | 780000 |
| ചെലവ് തുക | 522600 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്റിനറി സർജൻ |

പദ്ധതി നിർവ്വഹണത്തിനായി സ്റ്റാലിൻ എഗ്ഗർ നേഴ്സറി, അഭിന എഗ്ഗർ നേഴ്സറി എന്നിവിടങ്ങളിൽ നിന്ന് 4355 കോഴിക്കുഞ്ഞുങ്ങളെ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. സ.ഉ (കൈ)നം-84/2022/ത.സ്വ.ഭ.വ തീയതി 19.04.2022 ഖണ്ഡിക 14(1) പ്രകാരം പ്രോജക്ട് മോണിറ്ററിംഗ് അതാത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിക്കേണ്ടതാണ്. ഖണ്ഡിക 14(3) പ്രകാരം മോണിറ്ററിംഗ് കമ്മിറ്റി പ്രോജക്ടുകളിൽ വിഭാവനം ചെയ്യപ്പെട്ട ലക്ഷ്യം നിർവ്വഹണ ഘട്ടത്തിൽ ഗുണമേൻമയോടെ നിറവേറ്റപ്പെട്ടിട്ടുണ്ടോ എന്നത് നിരീക്ഷിക്കേണ്ടതാണ്.ഇതിനായി പ്രോജക്ടിന്റെ പ്രാരംഭ ഘട്ടത്തിലും, പുരോഗമന ഘട്ടത്തിലും, പൂർത്തീകരണശേഷവും പ്രോജക്ട് ലക്ഷ്യങ്ങൾ വിലയിരുത്തി അഭിപ്രായം രേഖപ്പെടുത്തേണ്ടതാണ്. ഇത്തരത്തിൽ വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് നടത്തിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം-18/2022-23 തീയതി 30.09.2023-ന് തുടർ വർഷങ്ങളിൽ അപാകതകൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കുന്നതാണെന്ന് മറുപടിയായി അറിയിക്കുകയുണ്ടായി. കോഴി വളർത്തൽ പോലുള്ള പ്രോജക്ടുകൾ നടപ്പിലാക്കുമ്പോൾ വിഭാവനം ചെയ്യപ്പെട്ട ലക്ഷ്യം നിർവ്വഹണ ഘട്ടത്തിൽ ഗുണമേൻമയോടെ നിറവേറ്റപ്പെട്ടിട്ടുണ്ടോ എന്ന് വർക്കിംഗ് ഗ്രൂപ്പ് നിരീക്ഷിക്കേണ്ടതും അഭിപ്രായം രേഖപ്പെടുത്തേണ്ടതുമാണ്.

## 1-27 വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്- 3,50,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ജില്ലാ ആസൂത്രണസമിതിക്ക് സെക്രട്ടറിയേറ്റ് നിർമ്മാണം വിഹിതം നൽകൽ |
| പ്രോജക്ട് നം | 132/23 |

| | |
|---|---|
| അടങ്കൽ തുക | 350000 |
| ചെലവ് തുക | 350000 |
| ബിൽ നം/തീയതി | 11/22-23 27.09.22 |
| നിർവ്വഹണം | സെക്രട്ടറി |

പ്രസ്തുത പ്രോജക്ട് നിർവ്വഹണത്തിനായി കൈമാറിയ തുകയുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കുന്നതിന് ഓഡിറ്റ് അന്വേഷണം നം- 16/2022-23-ന് (തീയതി 29.09.2023) ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതുവരെ 350000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-28 പദ്ധതി നിർവ്വഹണം- രേഖകൾ ലഭ്യമാക്കേണ്ടതാണ്.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | എൽ.ഇ.ഡിലൈറ്റ് വാങ്ങൽ |
| പ്രോജക്ട് നം | 04/23 |
| അടങ്കൽ തുക | 1302000 |
| ചെലവ് തുക | 1292966 |
| ബിൽ നം/തീയതി | 107/27.09.22(CFC ACR) |
| നിർവ്വഹണം | സെക്രട്ടറി |

പ്രസ്തുത പ്രോജക്ടിന്റെ നിർവ്വഹണത്തിനായി United Electrical Industries എന്ന സ്ഥാപനത്തിൽ നിന്നും 1 വർഷം വാറന്റിയുള്ള 410 എണ്ണം (3x12 LED Light Bulb Type With All Accessories) എൽ.ഇ.ഡി ലൈറ്റുകളും, 2 വർഷം വാറന്റിയുള്ള 24 Watts 100 എണ്ണം (LED Street Light System 24 Watts Automatic)എൽ.ഇ.ഡി ലൈറ്റുകളും വാങ്ങിയിട്ടുണ്ട്.അപാകതകൾ ചുവടെ ചേർക്കുന്നു.

1. ലഭിച്ച തെരുവ് വിളക്കുകൾ നിശ്ചിത Specification പ്രകാരമുള്ളത് ആണെന്ന് ബന്ധപ്പെട്ട അധികാരികൾ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2. പ്രസ്തുത വിളക്കുകൾ ഇൻസ്റ്റാൾ ചെയ്തതിന്റെ രേഖകൾ, വൈദ്യുതി ബോർഡിൽ നിന്നുള്ള അംഗീകാരം എന്നിവ ഹാജരാക്കിയിട്ടില്ല.

പ്രസ്തുത വിവരങ്ങൾ ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണം നം- 15/2022-23-ന് ( തീയതി 29.09.2023) മറുപടി ലഭ്യമാക്കിയില്ല. തെരുവ് വിളക്ക് വാങ്ങലുമായി ബന്ധപ്പെട്ട രേഖകൾ ലഭ്യമാക്കേണ്ടതാണ്.

## 1-29 ഗുണഭോക്തൃ സമിതി നിർവ്വഹണം നടത്തിയ മരാമത്ത് പ്രവർത്തികളിൽ നിന്നും വാറ്റ് നികുതി കുറവ്ചെയ്തിട്ടില്ല

നിർവ്വഹണോദ്യോഗസ്ഥൻ: അസിസ്റ്റന്റ് എഞ്ചിനീയർ.

ജി.ഒ (പി)30/2016 ഫിൻ തീ. 29.02.2016 പ്രകാരം ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികൾക്ക് 7.5% ഓവർഹെഡ് ചാർജ് നൽകാമെന്നും, ആവശ്യമായ നികുതികൾ ഗുണഭോക്തൃ സമിതികളിൽ നിന്നും ഈടാക്കണമെന്നും ഉത്തരവായിട്ടുള്ളതാണ്. PRICE സോഫ്റ്റ് വെയറിൽ തയ്യാറാക്കുന്ന എസ്റ്റിമേറ്റുകളിൽ 7.5% ഓവർഹെഡ് ചാർജ് ഉൾപ്പെട്ടിട്ടുണ്ട്. 01.07.2017 മുതൽ GST നിലവിൽ വന്നിട്ടുള്ളതിലാൽ VAT ഈടാക്കേണ്ടതില്ലെന്നും 5% തുക ബില്ലിൽ നിന്നും കുറവ് ചെയ്തതിനു ശേഷം തുക അനുവദിച്ചാൽ മതിയെന്നും കേരള തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ കേരള തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിക്ക് അയച്ച നം.ഡിബി3-9058/17/സിഇ/തസ്വഭവ തീ.16.03.2018 കത്തിലൂടെ വ്യക്തമാക്കിയിട്ടുണ്ട്. 2022-23 വർഷത്തിൽ ഗുണഭോക്തൃസമിതി മുഖേന നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന പ്രവൃത്തിയിൽ നിന്നും മേൽ സൂചിപ്പിച്ച പ്രകാരം 5% തുക ബില്ലിൽ നിന്നും കുറവ് ചെയ്യാതെ തുക അനുവദിച്ചതായി കാണുന്നു. വിശദവിവരം താഴെ ചേർക്കുന്നു.

മൂഴി-മൈലംമൂഴി -മൈലം സൈഡ് വാൾ നിർമ്മാണം

പ്രോജക്ട് നമ്പർ -S0041 /23

അടങ്കൽ: 50,000രൂപ (ഫണ്ട്)

കൺവീനർ: ശ്രീമതി റഹ്മത്ത് പി, (H M)

കരാർ: 67/21-22/18-3-22

അളവ് പുസ്തകം: 84/20-21

ചെലവ്: 47408രൂപ (ബിൽ നംപർ 9/22-23/07-10-22)

നൽകിയ തുക:

മൂല്യനിർണ്ണയം - 47408/- രൂപ

കുറവ് ചെയ്ത തുക

(-) IT 1% - 474/- രൂപ

(-) WF 1% - 474/- രൂപ

കൺവീനർക്ക് : 46460/- രൂപ

നൽകാവുന്ന തുക :

മൂല്യനിർണ്ണയം - 47408/- രൂപ

(-) OH 5% - 2370/- രൂപ

ബാക്കി - 45038/- രൂപ

ഓവർ ഹെഡ് ചാർജിനത്തിൽ 5% തുകയായ 2370/ രൂപ കുറവ് ചെയ്തിട്ടില്ല.

വിശദീകരണം നൽകേണ്ടതാണ്.

## 1-30 ഹരിത കർമ്മ സേനയ്ക്കുള്ള വാഹനങ്ങൾ-നിശ്ചലം

അരുവിക്കര ഗ്രാമപഞ്ചായത്തിന് 2020-21 ന് ബ്ലോക്കിൽ നിന്നും ലഭിച്ച ഹരിതകർമ്മസേനയ്ക്കുള്ള ഒരു ഇലക്ട്രിക് വാഹനവും 2021-22 ൽ സെക്രട്ടറി നിർവഹണം നടത്തി വാങ്ങിയ മറ്റൊരു ഇലക്ട്രിക് വാഹനവും പഞ്ചായത്ത് പരിസരത്ത് ഉപയോഗിച്ചുതുടങ്ങാത്ത നിലയിൽ കാണപ്പെടുന്നു. പ്ലാസ്റ്റിക് മാലിന്യം കൊണ്ടുപോകുന്നതിനായി പ്രത്യേക രൂപകല്പന ചെയ്ത വാഹനമാണ് സെക്രട്ടറിയുടെ പ്രോജക്ടിലൂടെ 8-02-22 ൽ 4,49,135/- രൂപ ചെലവഴിച്ച് വാങ്ങിയത്. എന്നാൽ വാഹനം ഓടിക്കുന്നതിനുള്ള ലൈസൻസ് ഹരിതകർമ്മസേന അംഗങ്ങൾക്ക് ഇല്ലാത്തതിനാലാണ് വാഹനം ഓടിക്കാത്തതെന്നും തൻ വർഷം പ്രോജക്ട് വച്ച് ലൈസൻസ് എടുത്ത് വാഹനം ഓടിക്കുന്നതാണെന്ന് ഗ്രാമപഞ്ചായത്ത് അറിയിച്ചിട്ടുണ്ട്. പ്രോജക്ടുകൾ ദീർഘ വീക്ഷമത്തോടെ ആവിഷ്കരിക്കാത്തതുമൂലം ലക്ഷ്യം കൈവരിക്കാൻ താമസം നേരിടുന്നു.കൂടാതെ ബ്ലോക്കിൽ നിന്നും ലഭ്യമായ വാഹനം ഹരിതകർമ്മസേനയ്ക്ക് പ്ലാസ്റ്റിക് കൊണ്ടുപോകാൻ സാധിക്കുന്ന തരത്തിലുള്ളതല്ലെന്നും ഭാരംകയറ്റിയാൽ വാഹനം മറിയുന്നതാണെന്നും ഹരിതകർമസേന സെക്രട്ടറി അറിയിച്ചിട്ടുണ്ട്.
ഹരിത കർമ്മസേനാംഗങ്ങളിൽ വാഹനം ഓടിക്കുന്നതിന് ലൈസൻസും താല്പര്യവും ഉള്ളവർ ഹരിതകർമ്മസേനയിൽ ഇല്ലാത്ത പക്ഷം പുറത്തുനിന്നും ഡ്രൈവറെ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് നിയോഗിക്കാവുന്നതാണ്. ഭരണസമിതി ഉചിതമായ തീരുമാനം കൈകൊള്ളേണ്ടതും വാഹനങ്ങൾ പ്രവർത്തന ക്ഷമമാക്കേണ്ടതുമാണ്.

## 1-31 എസ്.സി.പി.ഫണ്ട്-തുക പൂർണ്ണമായും ചെലവ് ചെയ്തിട്ടില്ല

എസ്.സി.പി. ഫണ്ട്- 69600/- രൂപ ലാപ്സായി

പ്രോജക്ട് നമ്പർ, പേര് -വൃദ്ധർക്ക് കട്ടിൽ (SO 78/23)

അടങ്കൽ – 1,74,000/-

ചെലവ് – 1,04400/-

ബിൽ നമ്പർ – 6/20.03.23

ഫണ്ട് – എസ്.സി.പി ഫണ്ട്

എസ്.സി. വിഭാഗത്തിലെ അറുപത് വയസ്സ് കഴിഞ്ഞവർക്ക് (40 പേർക്ക് ) കട്ടിൽ വാങ്ങി വിതരണം നടത്താനുള്ള ഈ പ്രോജക്ടിൽ 24 കട്ടിലുകൾ മാത്രമെ വാങ്ങിവിതരണം നടത്തിയിട്ടുള്ളൂ. എസ്.സി ഫണ്ട് ലാപ്സാകാനുള്ളതിന് വിശദീകരണം നല്കാൻ ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 5/25.09.23) മറുപടിയായി ഗുണഭോക്താക്കളെ കിട്ടാത്തതിനാലാണ് ചെലവ് ചെയ്യാത്തതെന്ന് അറിയിച്ചിട്ടുണ്ട്.

ശരിയായ രീതിയിൽ ആവശ്യകത നിർണ്ണയിച്ചതിനുശേഷം പ്രോജക്ടുകൾ നിർവഹിക്കുകയാണെങ്കിൽ ഇത്തരത്തിൽ പദ്ധതി പണം പാഴാകാതെ ചെലവ് നിർവഹിക്കാമായിരുന്നു. കൂടാതെ പദ്ധതി നിർവ്വഹണത്തിന് മോണിട്ടറിങ് കാര്യക്ഷമമാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| ക്രമ നം. | വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് (സുലേഖ പ്രകാരം) | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| 1 | ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 1170127 | ലൈഫ്-എസ്.സി | 1170127 | 0 |
| 2 | ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 380250 | സ്നേഹ സ്പർശം | 380250 | 0 |
| 3 | ജില്ലാ പഞ്ചായത്ത് | 2022-23 | 379750 | സ്നേഹ സ്പർശം | 379750 | 0 |
| 4 | ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 400000 | ക്ഷീര സമൃദ്ധി | 400000 | 0 |
| 5 | ജില്ലാ പഞ്ചായത്ത് | 2022-23 | 100000 | ക്ഷീര സമൃദ്ധി | 100000 | 0 |

സുലേഖ ചെലവ് പത്രിക പ്രകാരം 19,50,377/- രൂപ ബ്ലോക്ക് വിഹിതം ചെലവഴിച്ചിട്ടുണ്ട്. 2022-23 ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B4 പ്രകാരം ബ്ലോക്ക് പഞ്ചായത്ത് വിഹിതത്തിൽ 2,00,000/- രൂപയാണ് നീക്കിയിരിപ്പ്. ഇത് മുൻവർഷത്തെ നീക്കിയിരിപ്പ് തുക തന്നെയാണ്.

### 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| ക്രമ നമ്പർ | നിർവ്വഹണ എജൻസി | പ്രവർത്തിയുടെ പേര് | മുൻകൂർ നല്കിയ തുക (സുലേഖ പ്രകാരം) |
|---|---|---|---|
| 1 | കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈൻ നീട്ടൽ | 1918958 |

ടി തുകയുടെ വിനിയോഗസാക്ഷ്യപത്രം ലഭിക്കുന്ന മുറയ്ക്ക് തുക വാർഷികധനകാര്യപത്രികയിൽ ക്രമീകരിക്കേണ്ടതാണ്.

### 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല.

### 4-4 വായ്പ / വായ്പ തിരിച്ചടവ്

| വായ്പ വിവരം | ഉത്തരവ് നമ്പർ / തീയതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക(മുൻ വർഷത്തെ B-5 ഷെഡ്യൂൾ പ്രകാരം) | തൻവർഷം ലഭിച്ച തുക (RP -31 പ്രകാരം) | തൻവർഷം തിരിച്ചടച്ച തുക (സുലേഖ ചെലവ് പത്രിക പ്രകാരം) | തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (B-5 ഷെഡ്യൂൾ പ്രകാരം) |
|---|---|---|---|---|---|
| KURDFC | ---------- | 33813862/- | 3606430/- | 4004595/- | 33415697/- |

### 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

| ക്രമ നം. | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | തുക ഒടുക്കിയത് | തുക ഒടുക്കിയ തീയതി |
|---|---|---|---|---|---|
| 1 | 2012-13 | 2.2 | 900 | ലഭ്യമല്ല | 31-12-2022 |
| 2 | 2012-13 | ലഭ്യമല്ല | 120 | ലഭ്യമല്ല | 31-12-2022 |
| 3 | 2013-14 | 2.4 | 600 | ലഭ്യമല്ല | 23-01-2023 |
| 4 | 2017-18 | 2.4 Sl No.1 | 266 | ലഭ്യമല്ല | 05-01-2023 |
| 5 | 2017-18 | 2.4 Sl No.3 | 430 | ലഭ്യമല്ല | 05-01-2023 |
| 6 | ലഭ്യമല്ല | ലഭ്യമല്ല | 12 | ലഭ്യമല്ല | 01-09-2022 |
| | | ആകെ | 2328* | | |

*RP 10 പ്രകാരം 2628/- ആണ് പ്രസ്തുത ഹെഡിൽ വരവായി ചേർത്തിരിക്കുന്നത്. വ്യത്യാസം വിശദീകരിക്കേണ്ടതാണ്.

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

ഇല്ല

## 4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 1,17,19,320 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 6,56,88,184 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 5,13,75,974 |
| നീക്കിയിരിപ്പ് | 2,60,31,530 |
| വരവിനങ്ങളിലെ നഷ്ടം | - |
| ചെലവിനങ്ങളിലെ നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 6,87,553 |

(ബി) പഞ്ചായത്തു ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-23 | 3,37,553 | ഡോ. വേണുകുമാർ .കെ, മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| 1-27 | 3,50,000 | ശ്രീ. ഷിബു പ്രണാബ് .ആർ.എസ്, സെക്രട്ടറി |
| ആകെ | 6,87,553 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| ഡോ. വേണുകുമാർ .കെ, മെഡിക്കൽ ഓഫീസർ (ഹോമിയോ) | മെഡിക്കൽ ഓഫീസർ (ഹോമിയോ) | ലക്ഷ്മി നന്ദനം, പ്ലാവിള വീട്, കരകുളം, കരകുളം .പി.ഒ |
| ശ്രീ. ഷിബു പ്രണാബ് .ആർ.എസ്, സെക്രട്ടറി | സെക്രട്ടറി, അരുവിക്കര ഗ്രാമപഞ്ചായത്ത് | സാരംഗ്, ചെറുവള്ളി ലെയ്ൻ, ഏണിക്കര, കരകുളം പി.ഓ. |

## 4-10 തീർപ്പാക്കാൻഅവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്ന് പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1999-2000 | കെ എസ് എ റ്റി വി എം/ജി പി 6/ 1352/18, തീ 31.05.2018 | 5 |
| 2002-03 | കെ എസ് എ റ്റി വി എം/ജി പി 6/ 1352/18, തീ 31.05.2018 | 21 |
| 2003-04 | കെ എസ് എ റ്റി വി എം/ജി പി 6/ 1352/18, തീ 31.05.2018 | 4 |
| 2004-05 | കെ എസ് എ റ്റി വി എം/ജി പി 6/ 1352/18, തീ 31.05.2018 | 4 |
| 2005-06 | കെ എസ് എ റ്റി വി എം/ജി പി 6/ 1352/18, തീ 31.05.2018 | 2 |
| 2006-07 | കെ എസ് എ റ്റി വി എം/ജി പി 6/ 1352/18, തീ 31.05.2018 | 5 |
| 2007-08 | കെ എസ് എ റ്റി വി എം/ജി പി 6/ 1352/18, തീ 31.05.2018 | 4 |
| 2009-10 | കെ എസ് എ റ്റി വി എം/ജി പി 6/ 1352/18, തീ 31.05.2018 | 3 |
| 2010-11 | കെ എസ് എ റ്റി വി എം/ജി പി 6/ 1352/18, തീ 31.05.2018 | 7 |
| 2011-12 | കെ എസ് എ റ്റി വി എം/ജി പി 6/ 1352/18, തീ 31.05.2018 | 7 |
| 2012-13 | കെ എസ് എ റ്റി വി എം/ജി പി 6/ 1352/18, തീ 31.05.2018 | 10 |
| 2013-14 | കെ എസ് എ റ്റി വി എം/ജി പി 6/ 1352/18, തീ 31.05.2018 | 9 |
| 2014-15 | കെ എസ് എ റ്റി വി എം/ജി പി 6/ 1352/18, തീ 31.05.2018 | 4 |
| 2015-16 | കെ എസ് എ റ്റി വി എം/ജി പി 6/ 1352/18, തീ 31.05.2018 | 8 |
| 2016-17 | കെ എസ് എ റ്റി വി എം/ജി പി 6/ 1352/18, തീ 31.05.2018 | 7 |
| 2017-18 | കെ എസ് എ റ്റി വി എം/ജി പി 6/ 2590/18, തീ 09.01.2020 | 24 |
| 2018-19 | കെ എസ് എ റ്റി വി എം/ജി പി 6/ 804/20, തീ 15.10.2020 | 40 |
| 2019-20 | കെ എസ് എ റ്റി വി എം/ജി പി 6/668/21, തീ 31.03.2021 | 50 |
| 2020-21 | കെ എസ് എ റ്റി വി എം/ജി പി 6/580/22, തീ 30.06.22 | 40 |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം.

# Annexure 1
# Audit Certificate

i. I have audited the attached Financial statements approved vide resolution number 2(1) dated 21-07-2023 and submitted on 31-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Aruvikkara Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Aruvikkara Grama Panchayat for the year 2022-2023

Date: 16/11/2023

Deputy Director(H.G)
District Office Trivandrum
Kerala State Audit Department

## Audit Report appended to the Audit Certificate of Aruvikkara Grama Panchayat for the Year 2022-2023.

**1.Major Observations**

NIL

**2.Other Observations**

1.Mandatory financial statement not attached. Eg. The financial ratios, B-1 Schedule (statement explaining the adjusted performance for the current year) are not submitted with the Annual Financial Statement.

2.Cashflow statement -Net increase /decrease in cashflow doesnot match with difference between the opening balance and closing balance of cash and cash equivalents.

3.Non disclosure of expense due- Amount due but not spent as on 31.03.2023 has not been recorded as provision in B 9 Schedule of balance sheet Eg. Honorarium for members,fuel expense etc.

4. Yearly Valuation of stock and stores are not done at the end of the financial year and also not included in B-14 stock in hand ( inventories) schedule.

5.The reason for difference between B-5 secured loan amount (Rs 33415697) and B-16 pre-paid expense (Rs 31889267) is not explained.

6.Property Tax Demand, Collection, Balance -Mismatch between Sanchaya and Annual Financial Statement.
Eg. There is a difference of Rs. 32478 and Rs. 23676 between the balance of property tax, current and arrear respectively in respect of details from sanchaya and AFS.

7. Expired Stale Cheque amount not transferred to income head- out of the amount of Rs 2279/- the cheques which were issued before 3years were not transferred to income head.

8. Depreciation provided for asset more than book value.The value for the other fixed assests is 1390116/- as per B11 Schedule (head code 41080010). But the accumulated depreciation for the same item as per B11(a) schedule is 1831670/-.

9.Improper maintanance of registers- Advance register is not properly maintained.

10.Specific purpose grants remain as liability- Amount received for specific projects are not timely utilised for the purpose it was sanctioned.
Eg.

| sl no. | head code | Description | Amount (in Rs.) |
|---|---|---|---|
| 1 | 320100162 | Sarva siksha abhiyan | 159562 |
| 2 | 320100198 | Grant from suchitwa mission | 3362650 |
| 3 | 320100204 | Heaith grant | 53846 |
| 4 | 320200307 | LAD(MLA) | 974871 |
| 5 | 320700204 | Fund From Block Panchayat<br><br>(For Revenue Expenditure) | 200000 |

11.Loan register incorrect and incomplete -Loan amount of Rs 60000/- received vide RV No.1220001013 dtd 27.02.2023 is not recorded in loan register.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ അരുവിക്കര ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്